VOL NO: 04 | ISSUE 35
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 AUGUST 29 | 1442 MUHARRAM 10 | ₹12

വാരിക

# ഹാഗിയ സോഫിയ നൈതികതയുടെ തുലാസിൽ



വിശ്വാസത്തിന്റെയും ചരിത്രത്തിന്റെയും കൂട്ടുപിടിച്ചാണ് കോടതിയുടെ പിൻബലത്തോടെ ഉർദുഗാൻ വീണ്ടും ഹാഗിയ സോഫിയ മസ്ജിദിനായി തുറന്നു കൊടുത്തിരിക്കുകയാണ്. ചരിത്രാന്വേഷികളെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിന്റെ പരിധികളും ചരിത്രപരമായ തെളിവുകളും തമ്മിലുള്ള കൃത്യമായ അതിർത്തി നിർണയിക്കാൻ അവർ ശ്രദ്ധിക്കേണ്ടതുണ്ട്. മതവികാരവും ആരാധനാലയങ്ങളും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിക്കൊണ്ട് ചരിത്രത്തിന്റെ പിൻബലമില്ലാത്ത 'തെളിവുകൾ' നിരത്തി അവകാശവാദം ഉന്നയിക്കുമ്പോൾ, ചരിത്രബോധമുള്ളവർ ഇടപെടുക അനിവാര്യമാണ്.

**മാനസികാരോഗ്യം**
**യതീംഖാനകൾ; നാളെയുടെ ഭാവി?**
**മനുഷ്യനെപ്പറ്റി ക്വുർആനിലെ ഉപമകൾ**

## മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?

സ്ത്രീ പീഡന നിരക്കിൽ അഗ്രമ സ്ഥാനത്താണ് ഇന്ത്യ. ഏറ്റവും കൂടുതൽ സ്ത്രീ ശാക്തീകരണ കൂട്ടായ്മകളും ഇന്ത്യയിൽ തന്നെ! എന്തുകൊണ്ട് പരിഹാരശ്രമങ്ങളൊന്നും ഫലപ്രദമാകുന്നില്ല? പ്രശ്നങ്ങളുടെ ആധിക്യമാണോ കാരണം, അതോ പരിഹാരങ്ങളുടെ പോരായ്മയോ? വിവാഹം; മാറേണ്ടത് പ്രായമോ കാഴ്ചപ്പാടോ?

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio


peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840




നേർപഥം
വാരിക

0189 / 2020 ആഗസ്ത് 29 / 1442 മുഹർറം 10 / പുസ്തകം 04 / ലക്കം 35


# ഹാഗിയ സോഫിയ നൈതികതയുടെ തുലാസിൽ

സുഫ്‌യാൻ അബ്ദുസ്സലാം


**സമകാലികം**

മാറേണ്ടത് പ്രായമോ, കാഴ്ചപ്പാടോ? / 04
ടി.കെ.അശ്റഫ്

**മുഖമൊഴി**

അനീതിക്കെതിരെ നിലകൊള്ളുക / 05

**ജാലകം**

മദീനയിലെ ശ്രേഷ്ഠ വനിത / 06
- സി

**ക്വുർആൻ ദർശനം**

സ്വഫ്ഫ് (അണി) / 31
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ലേഖനം**

ശൈഖ് ദിയാഉർറഹ്മാന്റെ വൈജ്ഞാനിക സംഭാവനകൾ / 07
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

മനുഷ്യനെപ്പറ്റി ക്വുർആനിലെ ഉപമകൾ / 18
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

മാനസികാരോഗ്യം / 22
പ്രൊഫ. കെ.പി സഅദ്

യതീംഖാനകൾ; നാളെയുടെ ഭാവി? / 27
അബൂ ഹംദാൻ ആലത്തിയൂർ

**കാഴ്ച**

പത്തുരൂപ തന്ന ആത്മവിശ്വാസം / 34
സലാം സുറുമ എടത്തനാട്ടുകര



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ടി.കെ.അശ്‌റഫ്
tkashraf100@gmail.com

സമകാലികം

# മാറേണ്ടത് പ്രായമോ, കാഴ്ചപ്പാടോ?

ഇന്ത്യയിൽ പെൺകുട്ടികളുടെ വിവാഹപ്രായം പതിനെട്ടിൽനിന്ന് 21 ആക്കി ഉയർത്തുമെന്ന് പ്രധാനമന്ത്രി തന്റെ സ്വാതന്ത്ര്യദിനസന്ദേശത്തിൽ പറയുകയുണ്ടായി. ഈ സന്ദർഭത്തിൽ ഈ വിഷയത്തെ സമൂഹം സുചിന്തിതമായ തുറന്ന ചർച്ചക്ക് വിധേയമാക്കേണ്ടതുണ്ട്. എന്നാൽ ഇതിൽ എതിർപ്പു പ്രകടിപ്പിച്ചാൽ ശൈശവവിവാഹത്തെ അനുകൂലിക്കുന്നവരായി മുദ്രകുത്തുമോ എന്ന ഭയമാണ് പലർക്കുമുള്ളത്. അതുകൊണ്ട് എതിർപ്പ് മനസ്സിലൊതുക്കി മൗനം പാലിക്കുകയാണ് പലരും.

പക്വതയെത്താതെ വിവാഹംകഴിച്ചുകൊടുക്കുന്നത് മൂലം സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ ഗൗരവമായി നാം കാണേണ്ടതുണ്ട്. അതുകൊണ്ടാണ് 18 വയസ്സിലേക്ക് വിവാഹപ്രായം ഉയർത്തിയപ്പോൾ ശക്തമായ എതിർപ്പ് സമൂഹത്തിൽനിന്ന് ഉയരാതെ പോയത്. ഇരുപത്തിയഞ്ചാമത്തെ വയസ്സിലും ഒരു കുട്ടിക്ക് വിവാഹത്തിനുള്ള പ്രാപ്തി എത്തിയില്ലെന്ന് വന്നാൽ അവളെ വിവാഹം കഴിപ്പിക്കരുതെന്നാണ് നമ്മുടെ പക്ഷം. എന്നാൽ 21 ന് മുമ്പ് തന്നെ വിവാഹജീവിതം നയിക്കാൻ പക്വത നേടിയവർക്ക് നിയമം തടസ്സം നിൽക്കരുതെന്നാണ് നമുക്ക് പറയാനുള്ളത്. പ്രായമല്ല; വിവാഹത്തോടുള്ള കാഴ്ചപ്പാടാണ് മാറേണ്ടതെന്നർഥം.

ഇത് നിയമമായി മാറിയാൽ നമ്മുടെ രാജ്യത്ത് കുടുംബ സംവിധാനത്തിൽ വിള്ളലുകൾ വരാൻ സാധ്യത ഏറെയാണ്. പാശ്ചാത്യൻ നാടുകളിലെ പോലെ തുറന്ന ലൈംഗികതയല്ല ഇന്ത്യൻ സംസ്‌കാരത്തിലുള്ളത്. ഇവിടെയുള്ള ഹൈന്ദവരും ക്രൈസ്തവരും മുസ്‌ലിംകളും കുടുംബ ജീവിതം വിവാഹത്തിലൂടെയാവണമെന്ന് ശഠിക്കുകയും അതിനെ പവിത്രമായി കാണുകയും ചെയ്യുന്നവരാണ്. എന്നാൽ പെൺകുട്ടികളുടെ വിവാഹപ്രായം 21 ആക്കുന്നതിലൂടെ ആൺകുട്ടികളുടെ പ്രായപരിധി വീണ്ടും നീട്ടി നിശ്ചയിക്കേണ്ടിവരും. ലൈംഗികബന്ധത്തിന് സമൂഹവും നിയമവും അംഗീകാരം നൽകുന്ന വിവാഹത്തിന്റെ പ്രായപരിധി നീട്ടുകയും ഉഭയകക്ഷി സമ്മതത്തോടെയുള്ള ബന്ധങ്ങൾക്ക് തുറന്ന അനുമതി നൽകുകയും ചെയ്യുന്ന വിചിത്രമായ നടപടിയാണ് ഈ നിയമത്തിലൂടെ സംഭവിക്കുന്നത്.

വിവാഹത്തിലൂടെ തുടങ്ങുന്ന ജീവിതമാണ് കെട്ടുറപ്പുള്ള കുടുംബ രൂപീകരണത്തിന് സഹായകമാവുക. ഭദ്രമായ കുടുംബങ്ങളിലൂടെയാണ് അച്ചടക്കമുള്ള ഒരു സമൂഹം രൂപപ്പെടുക. തുറന്നലൈംഗികത കുത്തഴിഞ്ഞ സാമൂഹ്യവ്യവസ്ഥയ്ക്ക് കാരണമാകും. നാട്ടിൽ സ്ത്രീപീഡനക്കേസുകൾ ഞെട്ടിക്കുന്നവിധം വർധിക്കുന്ന സാഹചര്യത്തിൽ വിവാഹപ്രായം ഉയർത്തുന്നത് കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടും. മുൻകാലത്തെ അപേക്ഷിച്ച് കുട്ടികളുടെ ശാരീരിക വളർച്ചയിൽ വന്ന മാറ്റം കൂടി പരിഗണിക്കുമ്പോൾ വിവാഹം നീളുന്നത് പുതിയ പ്രയാസങ്ങൾ ക്ഷണിച്ചുവരുത്തും. വിവാഹ വിഷയത്തിൽ മാറേണ്ടത് പ്രായമല്ല; കാഴ്ചപ്പാടായിരിക്കണം.

വിവാഹത്തെ അപ്രസക്തമാക്കുകയും അവിഹിതബന്ധത്തെ സാർവത്രികമാക്കുകയും ചെയ്യാൻ ഇടവരുന്നതും ഇന്ത്യൻ കുടുംബസംസ്‌കാരത്തെ തകിടംമറിച്ച് സ്വതന്ത്ര ലൈംഗികതയ്ക്ക് അനുമതിയുള്ള സമൂഹമാക്കി പാശ്ചാത്യവൽക്കരിക്കാൻ സാധ്യതയുള്ളതുമായ ഈ തീരുമാനത്തെ ഇന്ത്യൻ ജനതയൊന്നടങ്കം എതിർത്തു തോൽപിക്കേണ്ടതുണ്ട്.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ, യുവജനതയുടെ തൊഴിലില്ലായ്മ, സാമ്പത്തികരംഗത്തെ തകർച്ച തുടങ്ങിയ പല അടിസ്ഥാന പ്രശ്നങ്ങൾക്കും പരിഹാരം കാണാതെ മുത്ത്വലാക്, വിവാഹപ്രായം, പോലുള്ളവയാണ് സ്ത്രീകളും ഇന്ത്യ തന്നെയും നേരിടുന്ന വലിയ പ്രശ്നമെന്ന് വരുത്തിത്തീർത്ത് സ്ത്രീകളുടെ സംരക്ഷകരായി ചമയാനുള്ള ശ്രമമായിട്ടേ ഇതിനെ കാണാനാകൂ. മറ്റു പല സ്ഥാപിത താൽപര്യങ്ങളും ഇതിനുപിന്നിൽ ഇല്ലാതിരിക്കാൻ വഴിയില്ല.

# അനീതിക്കെതിരെ നിലകൊള്ളുക

അക്രമവും അനീതിയും ഇല്ലാത്ത ഭൗതികലോകം എന്നത് അസാധ്യമാണ്. കാരണം മനുഷ്യൻ തിന്മകളിലേക്ക് കൂടുതൽ ചായ്‌വുകാണിക്കുന്ന പ്രകൃതമുള്ളവനാണ്. മനുഷ്യരുള്ള കാലത്തോളം തിന്മകളുമുണ്ടാകും. അക്രമവും അനീതിയുമുണ്ടാകും. പ്രവാചകന്മാരൊഴിച്ച് ആരും പാപമുക്തരല്ല. വാക്കിലോ നോക്കിലോ എങ്കിലും തെറ്റു ചെയ്യാത്തവർ മറ്റാരുണ്ട്?

എന്നാൽ ചിന്താശേഷിയുള്ള മനുഷ്യന് തെറ്റിൽനിന്ന് അകന്നുനിൽക്കാനും തെറ്റു ചെയ്യാനും കഴിയും. തെറ്റാണെന്ന് ബോധ്യമുള്ള കാര്യം ചെയ്യാതിരിക്കുക എന്നത് മൂല്യബോധത്തിന്റെ അടയാളമാണ്. അക്രമവും അനീതിയും കൊടികുത്തിവാഴുമ്പോൾ അതിന്റെ ഒപ്പം സഞ്ചരിക്കുന്നതിനു പകരം അതിനെതിരെ ശബ്ദിക്കുവാനാണ് ശ്രമിക്കേണ്ടത്.

സാധാരണക്കാരൻ ചെയ്യുന്ന അനീതിയും അക്രമവും വാഗ്ദാന ലംഘനവും ഒരു ഭരണാധികാരിയോ ന്യായാധിപനോ ചെയ്യുന്ന അക്രമവും അനീതിയും വാഗ്ദാന ലംഘനവും ഒരുപോലെയല്ല സമൂഹത്തെ ബാധിക്കുക. ഭരണാധികാരിയുടെയും ന്യായാധിപന്റെയും അനീതി ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും. സമൂഹത്തിൽ അരക്ഷിതാവസ്ഥയുണ്ടാക്കും. ജനങ്ങളിലാകമാനം ഭീതിപരത്തും. നിലനിൽപിനെക്കുറിച്ച് ആശങ്കയുണ്ടാക്കും.

ഭരണാധികാരികളുടെ അഴിമതി, സ്വജനപക്ഷപാതിത്വം, വ്യാജ ഏറ്റുമുട്ടൽകൊലപാതകങ്ങൾ, ഭരണത്തെ എതിർക്കുന്നവരെ രാജ്യദ്രോഹികളായി മുദ്രകുത്തി ജയിലിലടയ്ക്കൽ, പട്ടിണിപ്പാവങ്ങളെ കണ്ടില്ലെന്നു നടിക്കുകയും കോർപ്പറേറ്റുകളെ വാരിപ്പുണരുകയും ചെയ്യൽ... ഇങ്ങനെ ഒട്ടനേകം ‘കലാപരിപാടികൾ’ നമ്മുടെ രാജ്യത്ത് നിർബാധം നടന്നുകൊണ്ടിരിക്കുന്നു. പുറത്തുവരുന്നതിനെക്കാൾ വലിയ വാർത്തകൾ ഇരുമ്പുമറയ്ക്കകത്തുണ്ടെന്നതാണ് നേര്.

ഇസ്‌ലാം പഠിപ്പിക്കുന്നത് ഒരാൾ തെറ്റുചെയ്യുകവഴി അയാൾ തന്നോടു തന്നെയാണ് അന്യായംകാണിക്കുന്നത് എന്നാണ്. ക്വുർആൻ ആവർത്തിച്ചു പറയുന്നുണ്ട്; ഒരാൾ തെറ്റു ചെയ്യുകവഴി തന്നോടു തന്നെ അക്രമം പ്രവർത്തിക്കുന്നു’ എന്ന്.

ഒരാൾ ദൈവത്തെ നിഷേധിക്കുന്നത്, മറ്റൊരാളോട് അന്യായം പ്രവർത്തിക്കുന്നത് എല്ലാം ആത്മവഞ്ചനയാണ്. അന്യായം അഥവാ അക്രമം എന്നത് അർഥമാക്കുന്നത് ഒന്നിനെ അതിന്റേതല്ലാത്ത സ്ഥാനത്ത് പ്രതിഷ്ഠിക്കലാണ്, മാറ്റി സ്ഥാപിക്കലാണ്, ദുരുപയോഗം ചെയ്യലാണ്, പരിധി ലംഘിക്കലാണ്, ശരിയായ പാതയിൽ നിന്നുള്ള വ്യതിയാനമാണ്, സത്യമെന്തെന്നറിഞ്ഞിട്ടും കളവു പറയലാണ്.

നബിﷺ പറഞ്ഞു: ‘നിശ്ചയം, അക്രമം അന്ത്യനാളിൽ അന്ധകാരങ്ങളാകുന്നു’ (ബുഖാരി, മുസ്‌ലിം).

വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ സമ്പത്തുകൊണ്ടോ സ്വാധീനംകൊണ്ടോ അധികാരം കൊണ്ടോ ആരെയും ഉപദ്രവിക്കാനോ ആരോടെങ്കിലും അനീതികാണിക്കാനോ പാടില്ല എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അക്രമികളെ സഹായിക്കാൻ ഇഹലോകത്ത് പലരുമുണ്ടാകും. എന്നാൽ പരലോകത്ത് ആരുമുണ്ടാകില്ല. ‘...അക്രമകാരികൾക്ക് യാതൊരു സഹായിയും ഇല്ല’ (ക്വുർആൻ 22:71). ‘...അക്രമകാരികൾക്ക് ഉറ്റബന്ധുവായോ സ്വീകാര്യനായ ശുപാർശകനായോ ആരും തന്നെയില്ല’ (ക്വുർആൻ 40:18).

ഈ ബോധമാണ് ഉമറുബ്നുൽ ഖത്ത്വാബിؓനെ പോലുള്ള ഭരണാധികാരികളെ ലോകം കണ്ട ഏറ്റവും നീതിമാന്മാരായ ഭരണാധികാരികളാക്കി മാറ്റിയത്.

-സി.
mail@nerpatham.com

# മദീനയിലെ ശ്രേഷ്ഠ വനിത

മദീനയിൽ അധികമാരും അറിയാത്ത ഒരു സ്വഹാബിയാണ് ജുലൈബീബ്ﷺ. ദാരിദ്ര്യത്താൽ അവശനായ, കീറിപ്പറിഞ്ഞ വസ്ത്രധാരിയായ, വിരൂപിയായ ജുലൈബീബിന്ന് കാര്യമായി ചങ്ങാതിമാരാരും ഉണ്ടായിരുന്നില്ല. കുടുംബ ബന്ധുക്കളും ഉണ്ടായിരുന്നില്ല. നബിﷺയുടെ കൂടെ സദാ ഉണ്ടായിരിക്കും. ബാഹ്യരൂപത്തിലുള്ള മനുഷ്യനെയല്ല, ആത്മാവിൽ സത്യവിശ്വാസത്തിന്റെ വെളിച്ചംകിട്ടിയ ഒരു വിശ്വാസിയെയാണ് നബിﷺ ജുലൈബീബിൽകൂടി കണ്ടത്.

ഒരുദിവസം അദ്ദേഹത്തോട് നബിﷺ ചോദിച്ചു: 'ഞാൻ നിനക്കൊരു വിവാഹം കഴിപ്പിച്ചുതന്നാലോ?' അദ്ദേഹം പറഞ്ഞു: 'എനിക്ക് ആരാണു പെണ്ണ് തരിക! എനിക്ക് പണമില്ല. വീടില്ല. ഒന്നുമില്ല.' നബിﷺ പറഞ്ഞു: അത്രയൊന്നും നഷ്ടക്കാരനല്ല നീ...'

ഒരുദിവസം അൻസ്വാരികളിൽ പെട്ട ഒരാളോട് നബിﷺ ചോദിച്ചു: 'താങ്കളുടെ വിധവയായ മകളെ എനിക്ക് വിവാഹം ചെയ്തുതരാമോ?' അയാൾ സമ്മതം മൂളിയപ്പോൾ നബിﷺ പറഞ്ഞു: 'എനിക്കല്ല, ജുലൈബീബിനാണ്.' അൻസ്വാരി പറഞ്ഞു: 'എങ്കിൽ അവളുടെ ഉമ്മയോട് ചോദിക്കട്ടെ...' ഈ വിവരമറിഞ്ഞ കുട്ടിയുടെ മാതാവ് വിസമ്മതം പറഞ്ഞു: 'ഹൗ! ജുലൈബീബോ? മറ്റാരുമില്ലേ എന്റെ മകൾക്ക്!'

ഇതെല്ലാം കേട്ട ആ വിധവയായ പെൺകുട്ടി എഴുന്നേറ്റുവന്നു. അവർ പറഞ്ഞു: 'റസൂൽﷺ കൊണ്ടുവന്ന വിവാഹത്തിൽ നന്മയുണ്ടാകാതിരിക്കില്ല. എനിക്ക് നബിﷺ ഇഷ്ടപ്പെട്ട ആ വിവാഹംതന്നെ മതി. റസൂലിന്റെ ഇഷ്ടം എനിക്കൊരിക്കലും നഷ്ടമാവുകയില്ല.'

അതറിഞ്ഞപ്പോൾ മാതാവിന്നും പിതാവിന്നും സമ്മതവും സന്തോഷവുമായി. നബിﷺയുടെ കാർമികത്വത്തിൽ തന്നെ ആ വിവാഹം നടന്നു. നബിﷺ അവർക്കുവേണ്ടി പ്രാർഥിച്ചു: 'അല്ലാഹുവേ... ആ പെൺകുട്ടിക്ക് നീ ധാരാളമായി നന്മ വർഷിപ്പിക്കേണമേ... അവളുടെ ജീവിതത്തിൽ ക്ലേശമുണ്ടാക്കരുതേ...'

തക്വ്‌വയുടെ മണിയറയിൽ ആ ദാമ്പത്യം തുടങ്ങിയതേയുള്ളൂ. ഒരു യുദ്ധത്തിന്നു പുറപ്പെടാൻ മുസ്‌ലിംകൾ നിർബന്ധിതരായി. നബിﷺയുടെ അറിയിപ്പു വന്നപ്പോൾ ജുലൈബീബും അക്കൂട്ടത്തിൽ പുറപ്പെട്ടു. ആ യുദ്ധത്തിൽ ജുലൈബീബ് ധീരരക്തസാക്ഷിത്വം വഹിച്ചു. മധുവിധുനാളിൽ ഈ ത്യാഗത്തിന്നു സന്നദ്ധനായ ജുലൈബീബിന്റെ രക്തസാക്ഷിത്വം നബിയെ വല്ലാതെ ദുഃഖിപ്പിച്ചു. 'ജുലൈബീബ് എന്റേതാണ്, ഞാൻ അവന്റേതുമാണ്' എന്ന് പറഞ്ഞുകൊണ്ട് അദേഹത്തിന്റെ ജഡം വാരിയെടുത്ത് നബിﷺ തന്റെ കൈത്തണ്ടയിൽ കിടത്തി. ക്വബ്ർ കുഴിച്ചു കഴിയുംവരെ ശഹീദായ ജുലൈബീബിന്റെ മയ്യിത്തുകട്ടിൽ നബിയുടെ കൈത്തണ്ടയായിരുന്നു! നബിﷺ തന്നെ അദേഹത്തെ ക്വബ്റിൽവച്ചു!

ജുലൈബീബിന്റെ രക്തസാക്ഷിത്വവാർത്ത കേട്ടപ്പോൾ മനോദുഃഖം കടിച്ചിറക്കിക്കൊണ്ട് തന്നെ വീണ്ടും വിധവയായ ആ സ്ത്രീ തന്റെ ഭർത്താവിന്റെ സ്വർഗഭാഗ്യത്തിൽ സന്തോഷിച്ചു. റസൂലിന്റെ ഇഷ്ടം എനിക്ക് നഷ്ടമാവുകയില്ല എന്ന പ്രതീക്ഷ സാക്ഷാൽക്കരിച്ചതായി അവർക്ക് പിന്നീട് ബോധ്യപ്പെട്ടു. ശേഷം ആ സഹോദരിക്ക് അല്ലാഹു സമൃദ്ധി നൽകി. അനസ്ﷺ പറയുന്നു: 'മദീനായിലെ വനിതകളിൽ ഏറ്റവും കൂടുതൽ ധർമംനൽകുന്ന സ്ത്രീയായിട്ടാണ് ജുലൈബീബിന്റെ ഭാര്യ പിന്നീട് അറിയപ്പെട്ടത്.'

സത്യസന്ധതയും ആത്മാർഥതയും കൃത്യമായി പാലിച്ചാൽ ഭൗതികമായി പലതും നഷ്ടപ്പെടുമെന്ന മിഥ്യാബോധം സമൂഹത്തിൽ വളർന്നുവരികയാണിന്ന്. ഇസ്‌ലാമിനെ തള്ളിപ്പറഞ്ഞാൽ സമൂഹത്തിൽ സ്ഥാനം കിട്ടുമെന്ന് ചിന്തിക്കുന്നവർ, മതനിയമങ്ങളെ ജനാഭിലാഷത്തിന്നനുസരിച്ച് വ്യാഖ്യാനിച്ചാൽ പോപ്പുലാരിറ്റി കൂടുമെന്ന് കണക്കുകൂട്ടുന്നവർ, കൃത്യമായി കണക്കുകൂട്ടി സകാത്ത് കൊടുത്താൽ സമ്പത്ത് കുറഞ്ഞുപോകുമോ എന്ന് ഭയപ്പെടുന്നവർ, കളവും കൗശലവും കൃത്രിമവും കാണിക്കാതെ കാര്യം നടക്കുകയില്ലെന്ന് വിചാരിക്കുന്നവർ... ഇതാണ് പൊതുധാരണ!

"നീ ക്ഷമിക്കുക, നിശ്ചയം സുകൃതംചെയ്യുന്നവരുടെ പ്രതിഫലം അല്ലാഹു നഷ്ടപ്പെടുത്തുകയില്ല" (11:115) എന്ന ക്വുർആൻ വചനം നമുക്കെപ്പോഴും വെളിച്ചമാവണം. സത്യത്തിന്റെയും സുകൃതത്തിന്റെയും ഫലം ഇഹലോകത്തുനിന്നു തന്നെ അല്ലാഹു തന്നേക്കാം എന്നതാണല്ലോ ഈ ഉൽകൃഷ്ടദമ്പതിമാരുടെ ചരിത്രം നമുക്കു നൽകുന്ന പാഠം. നന്മയിൽ ഉറച്ചുനിൽക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ.



ലേഖനം

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി: പണ്ഡിതലോകത്തെ വിസ്മയ സാന്നിധ്യം: 3

# ശൈഖ് ദിയാഉർറഹ്മാന്റെ വൈജ്ഞാനിക സംഭാവനകൾ

ശൈഖ് ദിയാഉർറഹ്മാൻ എന്ന മഹാപണ്ഡിതന്റെ ഉയർച്ചക്കുപിന്നിൽ നിരവധി ഗുരുവര്യൻമാരുടെ ത്യാഗപരിശ്രമങ്ങൾ ഉണ്ട്.

എല്ലാ മഹാരഥന്മാർക്ക് പിന്നിലും ത്യാഗോജ്ജ്വലമായ പരിശ്രമങ്ങൾ നിർവഹിച്ച ഗുരുവര്യൻമാരെ കാണാനാകും. നാം പിറകിലേക്ക് അന്വേഷിച്ച് ചെല്ലണമെന്ന് മാത്രം. ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമിയുടെ വ്യക്തിത്വം രൂപപ്പെടുത്തിയവരിലെ അതിപ്രധാനികൾ ഇവരാണ്:

അല്ലാമാ ശൈഖ് മുഹമ്മദ് അമീൻ അശ്ശൻക്വീതി, ശൈഖ് ഹമ്മാദ് അൽ അൻസ്വാരി, ശൈഖ് അബ്ദുൽ ഗഫാർ ഹസൻ, ഡോ മുഹമ്മദ് അമീൻ മിസ്രി, ഡോ. മുഹമ്മദ് ബിൻ മുഹമ്മദ് സമാഹി, ഡോ. മുഹമ്മദ് അബൂശഹ്ബ, ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്. ലോകപ്രസിദ്ധരായ ഈ പണ്ഡിതരെ കൂടാതെ ഇന്ത്യയിലെ ഉമറാബാദിലെ ശൈഖ് അബ്ദുൽ വാജിദ് റഹ്മാനി തുടങ്ങിയവരും അവരിൽ പെടും.

## അധ്യാപന ജീവിതം

ഔപചാരിക പഠന, പരിശ്രമങ്ങൾക്കു ശേഷം അധ്യാപനജീവിതത്തിലേക്ക് അദ്ദേഹം കാലെടുത്തു വച്ചു. അൽ അസ്ഹർ യൂണിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് നേടിയശേഷം മദീനയിൽ തിരിച്ചെത്തി. മദീന ജാമിഅ ഇസ്ലാമിയ്യ ശ്രേഷ്ഠനായ തങ്ങളുടെ വിദ്യാർഥിയെ അധ്യാപകപ്പട്ടം നൽകി സ്വീകരിക്കാൻ തയ്യാറായി നിൽക്കുകയായിരുന്നു!

അവിടെ ഹദീഥ് കോളേജിൽ അധ്യാപകനായി പുതിയജീവിതം ആരംഭിച്ചു. പിന്നീട് അതേ കോളേജിലെ പ്രിൻസിപ്പൽ പദവിയിൽവരെ അദ്ദേഹം എത്തിച്ചേർന്നു!

അദ്ദേഹത്തിന്റെ അധ്യാപനത്തെ കുറിച്ച് പറയാൻ വിദ്യാർഥികൾക്ക് നൂറുനാവാണ്. ഓരോ ഹദീഥിന്റെയും ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് വസ്തുതാപരവും തെളിവിന്റെ അടിസ്ഥാനത്തിലുമുള്ള വിശകലനങ്ങൾ ഇന്നലെ കഴിഞ്ഞതുപോലെ അവരിൽ പലരും ഓർത്തെടുക്കുന്നു.

> **ചില ഇസ്ലാം വിമർശകർ പലപ്പോഴും ക്വുർആൻ ദൈവികമാണെന്ന് സമ്മതിക്കുമ്പോൾ തന്നെ ഹദീഥ് തങ്ങൾക്ക് പല കാരണത്താലും സംശയങ്ങളുണ്ടാക്കുന്നു എന്ന വാദമാണ് കാലങ്ങളായി ഉന്നയിച്ചു വരുന്നത്. എന്തുകൊണ്ടാണ് മുഴുവൻ സ്വഹീഹായ ഹദീഥുകളും ഒരു ഗ്രന്ഥത്തിൽ ലഭ്യമാകാത്തത് എന്ന ചോദ്യം പഠനകാലത്തുതന്നെ ശൈഖ് ദ്വിയാഉർറഹ്മാൻ അഭിമുഖീകരിച്ചിരുന്നു. അധ്യാപകന്റെ പ്രേരണകൂടി ഉണ്ടായപ്പോൾ ഇതിന്റെ പരിഹാരത്തിന് തന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കണമെന്ന് അദ്ദേഹം നിശ്ചയിക്കുകയും ചെയ്തു. പതിനഞ്ച് വർഷങ്ങൾ അതിനായി അദ്ദേഹം മാറ്റിവച്ചു. ഈ വർഷങ്ങളിൽ യാത്രകൾ ഒഴിവാക്കി. ഉറക്കമിളച്ചു. പലപ്പോഴും കുടുംബത്തോടൊപ്പം ചെലവഴിക്കാൻ സമയം കണ്ടെത്താൻ പറ്റാതായി.**

അധ്യാപനകാലത്തുതന്നെ കോളേജ് സമയം കഴിഞ്ഞാൽ മദീനയിലെ മസ്ജിദുന്നബവിയിൽ പൊതുജനങ്ങൾക്കായി തന്റെ ജ്ഞാനഭണ്ഡാരം തുറന്നുവയ്ക്കുക എന്നത് അദ്ദേഹത്തിന് ഏറെ താൽപര്യമുള്ള കാര്യമായിരുന്നു. പിന്നീട് ഔദ്യോഗിക ജീവിതം അവസാനിച്ചശേഷം കൂടുതൽ ഭംഗിയായി ഈ കാര്യം അദ്ദേഹം തുടർന്നുപോന്നു. മദീന പള്ളിയിലെ ദർസുകളിൽ സ്ഥിരം മുഖമായി ശൈഖ് ദ്വിയാഉർറഹ്മാൻ മാറുകയും ചെയ്തു.

സൗദി അറേബ്യക്കകത്തും പുറത്തും നിരവധി സെമിനാറുകളിലും ലോകസമ്മേളനങ്ങളിലും അന്താരാഷ്ട്ര വേദികളിലും പ്രബന്ധാവതരണങ്ങൾക്കായി ശൈഖ് ക്ഷണിക്കപ്പെടുകയും യാത്ര ചെയ്യുകയും ചെയ്തിട്ടുണ്ട്.

## വൈജ്ഞാനിക സംഭാവനകൾ

സംഭവബഹുലമായ ജീവിതത്തിനിടയിൽ നിരവധി ഗ്രന്ഥങ്ങളുടെയും പ്രബന്ധങ്ങളുടെയും കർത്താവായി ശൈഖ് ദ്വിയാഉർറഹ്മാൻ മാറുകയുണ്ടായി. അദ്ദേഹം എഴുതിയ മിക്ക ഗ്രന്ഥങ്ങളും തന്റെ മുമ്പിൽ വന്ന പ്രശ്നങ്ങൾക്കുള്ള പ്രതിവിധിയായിരുന്നു എന്നതാണ് അവയുടെ പ്രത്യേകത.


അതോടൊപ്പം മൗലികമായ ഒട്ടേറെ ഗ്രന്ഥരചനകൾക്കും അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്. അവയെ പ്രധാനമായും രണ്ടായി തിരിക്കാം:

ഒന്ന്) ഹദീഥ് വിജ്ഞാനവുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങൾ, പഠനങ്ങൾ:

ഇമാം ബൈഹഖിയുടെ ഹദീഥ് ഗ്രന്ഥത്തിന് ഒരു ആമുഖം, അൽ മിന്നത്തിൽ കുബ്റാ, പ്രവാചകന്റെ വിധികൾ, ഹദീഥ് നിദാനശാസ്ത്ര പഠനങ്ങൾ, ഹദീഥ് സാങ്കേതിക ശബ്ദങ്ങൾ, അബൂഹുറയ്റ ഹദീഥ് വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ, കർമശാസ്ത്ര പഠനങ്ങൾ; വിശ്വാസം, കർമം നബിപാതയിൽ, പ്രാർഥനകൾ പ്രകീർത്തനങ്ങൾ, സ്വഹീഹായ ഹദീഥുകളുടെ സമ്പൂർണ ശേഖരം.

ഒടുവിൽ പറഞ്ഞതാണ് ശൈഖ് ഏറ്റവും സമയമെടുത്തു തയ്യാറാക്കിയ ഗ്രന്ഥം. നീണ്ട പതിനഞ്ച് വർഷത്തെ കഠിനമായ അധ്വാനത്തിന് ഒടുവിലാണ് അദ്ദേഹം ഈ രചന പൂർത്തിയാക്കിയത്.

ചില ഇസ്ലാം വിമർശകർ പലപ്പോഴും ക്വുർആൻ ദൈവികമാണെന്ന് സമ്മതിക്കുമ്പോൾ തന്നെ ഹദീഥ് തങ്ങൾക്ക് പല കാരണത്താലും സംശയങ്ങളുണ്ടാക്കുന്നു എന്ന വാദമാണ് കാലങ്ങളായി ഉന്നയിച്ചു വരുന്നത്. എന്തുകൊണ്ടാണ് മുഴുവൻ സ്വഹീഹായ ഹദീഥുകളും ഒരു ഗ്രന്ഥത്തിൽ ലഭ്യമാകാത്തത് എന്ന ചോദ്യം പഠനകാലത്തുതന്നെ ശൈഖ് അഭിമുഖീകരിച്ചിരുന്നു. അധ്യാപകന്റെ പ്രേരണകൂടി ഉണ്ടായപ്പോൾ ഇതിന്റെ പരിഹാരത്തിന് തന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കണമെന്ന് അദ്ദേഹം നിശ്ചയിക്കുകയും



ചെയ്തു. പതിനഞ്ച് വർഷങ്ങൾ അതിനായി അദ്ദേഹം മാറ്റിവച്ചു. ഈ വർഷങ്ങളിൽ യാത്രകൾ ഒഴിവാക്കി. ഉറക്കമിളച്ചു. പലപ്പോഴും കുടുംബത്തോടൊപ്പം ചെലവഴിക്കാൻ സമയം കണ്ടെത്താൻ പറ്റാതായി.

അവസാനം അധ്വാനം സഫലമായി. പന്ത്രണ്ട് വാല്യങ്ങളിലായി മുഴുവൻ സ്വഹീഹായ (സ്വീകാര്യയോഗ്യമായ) ഹദീഥുകളും അടങ്ങുന്ന ഒരു ബൃഹത്ഗ്രന്ഥം ലോകത്തിന് സമ്മാനിക്കാൻ അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചു.

രണ്ട്). ഹദീഥ് വിജ്ഞാനീയത്തിൽ പെടാത്ത രചനകൾ:

1. ക്വുർആൻ വിഷയാധിഷ്ഠിത വിവരണം.
2. ഇസ്‌ലാമികേതര മതസ്ഥർക്കുള്ള സന്ദേശം.
3. ഇന്ത്യൻ മതങ്ങളെ കുറിച്ചുള്ള പഠനം.
4. ക്രൈസ്തവതയും ജൂതായിസവും.
5. ഇബ്നു മർദവിയയുടെ 'അമാലി' എന്ന ഗ്രന്ഥത്തിലെ മൂന്ന് ഭാഗങ്ങൾ.

ഇതിൽ വിവിധ മതങ്ങളെ കുറിച്ചുള്ള മതതാരതമ്യ പഠനം, പ്രത്യേകിച്ചും ഇന്ത്യൻ മതങ്ങളെ കുറിച്ചുള്ള വിശദമായ പഠനം ലോകശ്രദ്ധ പിടിച്ചുപറ്റിയ ഗ്രന്ഥമായി മാറി. പ്രത്യേകിച്ചും ഇന്ത്യയിലെ മറ്റൊരു മതത്തിൽനിന്ന് അവരുടെ പരിസരങ്ങളെ ആഴത്തിൽ അറിഞ്ഞ ഒരാൾ എഴുതുന്ന ഗ്രന്ഥമെന്ന നിലയ്ക്ക് അതിന് വലിയ സ്വീകാര്യത ലഭിക്കുകയും ചെയ്തു.

മഹാപണ്ഡിതനും തലമുറകളുടെ ഗുരുനാഥനുമായ ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമിയുടെ ശിഷ്യഗണങ്ങൾ ലോകത്തിന്റെ നാനാഭാഗത്തും പരന്നുകിടക്കുന്നു. അവരിലൂടെ അദ്ദേഹം പകർന്നുനൽകിയ വൈജ്ഞാനിക സന്ദേശങ്ങൾ എന്നും നിലനിൽക്കുകയും ചെയ്യും എന്ന് പ്രതീക്ഷിക്കാം.

ശൈഖ് ലോകത്തിന് നൽകിയ സന്ദേശം അദ്ദേഹത്തിന്റെ തന്നെ വരികളിൽ ഇങ്ങനെ വായിക്കാം:

"ഞാൻ മുസ്‌ലിമായി മാറിയപ്പോഴാണ് എത്രമാത്രം വലിയ അന്ധകാരത്തിൽ ആയിരുന്നു ഞാൻ ജീവിച്ചിരുന്നത് എന്ന് എനിക്ക് തന്നെ ബോധ്യപ്പെട്ടത്. അല്ലാഹു ക്വുർആനിൽ ഇങ്ങനെ പറയുന്നുണ്ടല്ലോ: 'അല്ലാഹുവാണ് വിശ്വാസികളുടെ ആത്മമിത്രം. അവൻ അവരെ അന്ധകാരങ്ങളിൽനിന്നും പ്രകാശത്തിലേക്ക് വഴി നടത്തുന്നു.' (ക്വുർആൻ).

ഇസ്‌ലാമിലെ പാരസ്പര്യവും സ്നേഹവും ഉച്ചനീചത്വമില്ലായ്മയും എന്നെ അങ്ങേയറ്റം അത്ഭുതപ്പെടുത്തി. 'വിശ്വാസികൾ പരസ്പരം സഹോദരന്മാരാണ്' എന്ന ക്വുർആൻ വചനം എന്റെ മനസ്സിൽ ആഞ്ഞുതറച്ചു. എന്നാൽ ഇസ്‌ലാമിൽ പ്രവേശിച്ചു കഴിഞ്ഞ്, പ്രത്യേകിച്ചും മുസ്‌ലിംകളെ കുറിച്ച് വിശദമായി മനസ്സിലാക്കിയപ്പോൾ അവർക്കിടയിൽ പാടില്ലാത്ത പല ഉച്ചനീചത്വങ്ങളും ശരിയല്ലാത്ത നിലപാടുകളും നിലനിൽക്കുന്നു എന്നത് എന്റെ ശ്രദ്ധയിൽപെട്ടു. ഇതാകാം ഇസ്‌ലാമിനെ സവിശേഷ മതമായി കാണാൻ പുറത്തുള്ള പലർക്കും തടസ്സമാകുന്നത് എന്ന് എനിക്കുറപ്പുണ്ട്. ഇത് അവസാനിപ്പിക്കാതെ ജാതിക്കോമരങ്ങൾക്കിടയിൽ പെട്ട് ഉരുകുന്ന ഇതര വിശ്വാസി സമൂഹങ്ങളെ ആകർഷിക്കാൻ ഇസ്‌ലാമിക സമൂഹത്തിന് ആകും എന്ന് ഞാൻ കരുതുന്നില്ല. മുഴുവൻ മുസ്‌ലിം സഹോദരങ്ങളോടും ഞാൻ അഭ്യർഥിക്കുകയാണ്; ഏത് പരിമിതമായ സാഹചര്യത്തിൽ നിന്നാണ് നിങ്ങൾ മുന്നോട്ടുപോകുന്നത് എങ്കിലും നിങ്ങൾ അല്ലാഹുവിലേക്ക് എല്ലാവരെയും ക്ഷണിച്ചുകൊണ്ടിരിക്കുക. പ്രത്യേകിച്ചും എന്റെ ഇന്ത്യയിലെ സഹോദരന്മാരേ, നമുക്ക് ചുറ്റും ഒരുപാട് ആളുകൾക്ക് വെളിച്ചം നൽകേണ്ടതായി നമുക്ക് ബാധ്യതയുണ്ട്. അവയുടെ നിർവഹണത്തിൽ നിങ്ങൾ പങ്കാളികളാകുക. നിങ്ങൾക്കൊപ്പം അല്ലാഹുവിന്റെ സഹായം ഉണ്ടാവും. 'അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ഞാൻ മുസ്‌ലിമാണ് എന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തവനെക്കാൾ നല്ല വാക്ക് പറഞ്ഞവൻ ആരാണുള്ളത്' എന്നാണല്ലോ ക്വുർആൻ പറയുന്നത്."

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# ഹാഗിയ സോഫിയ നൈതികതയുടെ തുലാസിൽ

**വിശ്വാസത്തിന്റെയും ചരിത്രത്തിന്റെയും കൂട്ടുപിടിച്ചാണ് കോടതിയുടെ പിൻബലത്തോടെ ഉർദുഗാൻ വീണ്ടും ഹാഗിയ സോഫിയ മസ്ജിദിനായി തുറന്നുകൊടുത്തിരിക്കുകയാണ്. ചരിത്രാന്വേഷികളെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിന്റെ പരിധികളും ചരിത്രപരമായ തെളിവുകളും തമ്മിലുള്ള കൃത്യമായ അതിർത്തി നിർണയിക്കാൻ അവർ ശ്രദ്ധിക്കേണ്ടതുണ്ട്. മതവികാരവും ആരാധനാലയങ്ങളും രാഷ്ട്രീയലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിക്കൊണ്ട് ചരിത്രത്തിന്റെ പിൻബലമില്ലാത്ത 'തെളിവുകൾ' നിരത്തി അവകാശവാദം ഉന്നയിക്കുമ്പോൾ, ചരിത്രബോധമുള്ളവർ ഇടപെടുക അനിവാര്യമാണ്.**

മലയാളികൾക്ക് അത്രയൊന്നും സുപരിചിതമല്ലാതിരുന്ന പദമായിരുന്നു 'ഹാഗിയ സോഫിയ' അല്ലെങ്കിൽ 'അയാസോഫിയ.' ഒറ്റമാത്രയിൽ സോഫിയ എന്നു കേട്ടപ്പോൾ അതൊരു പെണ്ണിന്റെ പേരാണെന്ന് തെറ്റിദ്ധരിച്ചവരും ധാരാളമാണ്. എന്നാൽ കേൾക്കുന്നതുപോലെയല്ല, അതൊരു ആരാധനാലയത്തിന്റെ പേരാണെന്നറിയുമ്പോൾ ഇപ്പോൾ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങൾക്ക് ചില ഗൗരവങ്ങൾ രൂപപ്പെടുകയാണ്. ആദ്യം ചർച്ച്, പിന്നീട് മോസ്‌ക്ക്, പിന്നീട് മ്യൂസിയം, വീണ്ടും മോസ്‌ക്ക് എന്ന വിധത്തിൽ രൂപപരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ് അയാസോഫിയ. ഇനിയും മാറ്റങ്ങളുണ്ടാകുമോ എന്ന് നമുക്കറിയില്ല. കോടതിവിധിയെ തുടർന്ന് തുർക്കി പ്രസിഡണ്ട് റജബ് ത്വയ്യിബ് ഉർദുഗാൻ ഇക്കഴിഞ്ഞ ജൂലൈ 20ന് അയാസോഫിയയെ ഒരു മസ്ജിദായി വീണ്ടും മാറ്റിയതോടെയാണ് അന്താരാഷ്ട്രതലത്തിൽ അത് വലിയ വാഗ്വാദങ്ങൾക്ക് കാ



> ലോകമാകമാനം കൊറോണയുടെ ഭീഷണിയിൽ കഴിയുകയും പല രാജ്യങ്ങളുടെയും സമ്പദ് വ്യവസ്ഥകൾ തകർന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ലോകത്തിന് ഉപകാരപ്രദമായ ജനോപകാര നടപടികളാണ് ഒരു ഉത്തരവാദപ്പെട്ട രാഷ്ട്രം എന്ന നിലയ്ക്ക് തുർക്കിയിൽനിന്നും ലോകം ഉറ്റുനോക്കുന്നത്. രാജ്യങ്ങൾ തമ്മിലും മതവിഭാഗങ്ങൾ തമ്മിലും സൗഹാർദവും സഹവർത്തിത്വവും വളർത്തുകയും പരസ്പരം തെറ്റുധാരണകൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തുകയുമാണ് വേണ്ടതെന്നു വർത്തമാന ലോകം നമ്മോട് വിളിച്ചു പറയുന്നുണ്ട്.

രണമായത്. ഉർദുഗാന്റെ നടപടിക്കെതിരെ ലോകരാഷ്ട്രങ്ങൾ രംഗത്തുവരികയുണ്ടായി. ലോക ക്രിസ്തീയ വിഭാഗങ്ങളും ഉർദുഗാന്റെ നടപടിയെ അപലപിച്ചു. ലോക ക്രിസ്തീയ സമൂഹത്തിനുള്ള പ്രഹരമാണെന്നാണ് റഷ്യൻ ഓർത്തോഡോക്സ് ക്രിസ്ത്യൻ നേതാവ് ബിഷപ്പ് ഹിലാരിയോൺ വിശേഷിപ്പിച്ചത്. ഉർദുഗാന്റെ തീരുമാനം മാനവരാശിയെ തെറ്റായ ദിശയിലേക്ക് നയിക്കുന്നതാണെന്നു പ്രതികരിച്ച അമേരിക്കൻ ഓർത്തോഡോക്സ് ചർച്ച് മെത്രപൊലീത്ത തൊട്ടടുത്ത വെള്ളിയാഴ്ച ദുഃഖാചരണം നടത്താൻ ആഹ്വാനം ചെയ്തുകൊണ്ടാണ് പ്രതികരിച്ചത്. ഞങ്ങൾ കുഴപ്പങ്ങൾക്കോ സംഘർഷങ്ങൾക്കോ ഇല്ലെന്നും ഒരുമിച്ചുനിന്ന് ഒറ്റക്കെട്ടായി ഉർദുഗാന്റെ നടപടിക്കെതിരെ പ്രാർഥിക്കുകയാണ് ദുഃഖാചരണംകൊണ്ട് ഉദ്ദേശിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഉർദുഗാന്റെ പ്രകോപനപരമായ നടപടിയുടെ പേരിൽ ഇസ്‌ലാമിനെ കുറ്റപ്പെടുത്തേണ്ടതില്ലെന്നാണ് വത്തിക്കാൻ പ്രതികരിച്ചത്. മുസ്‌ലിംലോകത്ത് ഉർദുഗാന്റെ നടപടി വലിയ സ്വാധീനമുണ്ടാക്കിയിട്ടില്ല. മുസ്‌ലിം രാജ്യങ്ങളധികവും ഉർദുഗാന്റെ നടപടിയെ അംഗീകരിച്ചുകൊണ്ട് രംഗത്തുവന്നിട്ടില്ല. ഇഖ്‌വാനുൽ മുസ്‌ലിമീനും അതിനോട് ചേർന്നുനിൽക്കുന്ന ചില സംഘടനകളും ഇറാനും ചില ശിആ വിഭാഗങ്ങളും ഒറ്റപ്പെട്ട ചില വ്യക്തികളും മാത്രമാണ് ഉർദുഗാന്റെ നടപടിയെ ശ്ലാഘിച്ചിട്ടുള്ളത്.

### രാഷ്ട്രീയ ലക്ഷ്യങ്ങൾ

ആരാധനാലയങ്ങൾ രാഷ്ട്രീയമായ ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തി വിശ്വാസികളുടെ വൈകാരികതയെ ചൂഷണംചെയ്യുക എന്നത് പുതുമയുള്ള കാര്യമല്ല. നമ്മുടെ രാജ്യത്ത് സുവർണക്ഷേത്രം, ബാബരി മസ്ജിദ് എന്നിവയെല്ലാം രാഷ്ട്രീയമായി ഉപയോഗിക്കപ്പെട്ട ആരാധനാലയങ്ങളാണ്. ഖലിസ്ഥാൻ തീവ്രവാദികൾ 1984ൽ ഭിന്ദ്രൻവാലയുടെ നേതൃത്വത്തിൽ തമ്പടിച്ചത് അമൃതസറിലെ 'സുവർണക്ഷേത്രം' എന്നറിയപ്പെടുന്ന ഹർമന്ദർസാഹിബിൽ ആയിരുന്നു. സിഖുമതവിശ്വാസികളെ സംബന്ധിച്ചിടത്തോളം സിഖ് ഗുരുദ്വാരകളിൽ പ്രഥമവും അതിവിശുദ്ധവുമാണ് സുവർണക്ഷേത്രം. ഇന്ദിരാ ഗാന്ധിയുടെ നേതൃത്വത്തിൽ ഓപ്പറേഷൻ ബ്ലൂസ്റ്റാർ എന്ന പേരിൽ തീവ്രവാദികളെ തുരത്തുകയും നാല് മാസങ്ങൾക്ക് ശേഷം അവർ അതിന്റെ പേരിൽതന്നെ സിഖുകാരായ അംഗരക്ഷകരാൽ കൊല്ലപ്പെടുകയും ചെയ്തു. മുഗൾ ചക്രവർത്തി ബാബർ നിർമിച്ച ബാബരി മസ്ജിദിനുമേൽ ഹിന്ദുത്വ തീവ്രവാദികൾ അവകാശം ഉന്നയിക്കുകയും അത് രാമജന്മഭൂമിയാണെന്നു വാദിക്കുകയും ചെയ്തതോടെയാണ് ഒരു സാധാരണ മസ്ജിദ് മാത്രമായിരുന്ന ബാബരി മസ്ജിദ് വിവാദമസ്ജിദായി മാറുന്നത്. മുസ്‌ലിം സമുദായത്തെ വികാരത്തിന്റെ മുൾമുനയിൽ നിർത്തി ഹിന്ദുത്വ രാഷ്ട്രീയം പടുത്തുയർത്താൻ അതുവഴി തീവ്രവാദികൾക്ക് സാധിച്ചു. ലോകചരിത്രത്തിൽ ഇതുപോലെ ആരാധനാലയങ്ങളെ രാഷ്ട്രീയലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയതിന്റെ ധാരാളം ഉദാഹരണങ്ങളുണ്ട്. ഹാഗിയ സോഫിയയും ആ പട്ടികയിൽ സ്ഥാനംപിടിച്ചിരിക്കുകയാണ്.



വിശ്വാസകാര്യങ്ങൾക്കും ആരാധനാലയങ്ങൾക്കും ചരിത്രത്തിന്റെ യാതൊരു പിൻബലവും ആവശ്യമില്ലെന്ന തെറ്റായ ധാരണ വളർത്തി വിശ്വാസവും ചരിത്രവും പരസ്പരം ഏറ്റുമുട്ടുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് കൗശലക്കാരായ രാഷ്ട്രീയക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. തലമുറ തലമുറയായി കൈമാറിവന്ന ചരിത്രസത്യങ്ങൾക്കു നേരെ കണ്ണടച്ചുകൊണ്ട് സ്വന്തം പ്രമാണങ്ങൾകൊണ്ടുപോലും സമർഥിക്കാൻ സാധിക്കാത്ത വൈകാരികതകൾക്ക് വിശ്വാസത്തിന്റെ നിറംനൽകി അവയ്ക്ക് രാഷ്ട്രീയമാനം നൽകാനാണ് അവർ ശ്രമിക്കുന്നത്. എന്നാൽ ഇത് ആധുനികസമൂഹം അംഗീകരിക്കില്ല. ഓരോ വ്യക്തിക്കും തന്റെ വിശ്വാസം വച്ചുപുലർത്താനുള്ള അവകാശമുണ്ട്. കഴിഞ്ഞുപോയ കാലത്തെ ലഭ്യമായ സ്രോതസ്സുകൾ ഉപയോഗിച്ച് സത്യസന്ധമായി രേഖപ്പെടുത്തിയതിനെയാണ് ചരിത്രം എന്നു വിളിക്കുന്നത്. രാമജന്മഭൂമി, ബാബരി മസ്ജിദ് പ്രശ്നത്തിൽ അറിയപ്പെട്ട സത്യസന്ധമായ ചരിത്രം തങ്ങളുടെ വിശ്വാസവുമായി യോജിക്കുന്നില്ല എന്ന കാരണം പറഞ്ഞുകൊണ്ടാണ് ഹിന്ദുത്വ തീവ്രവാദികൾ ഉറഞ്ഞുതുള്ളിയത്. അതുകൊണ്ട് ഒരു ചരിത്രാന്വേഷിയെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിന്റെ പരിധികളും ചരിത്രപരമായ തെളിവുകളും തമ്മിലുള്ള കൃത്യമായ അതിർത്തി നിർണയിക്കാൻ അയാൾ ശ്രദ്ധിക്കേണ്ടതുണ്ട്. മതവികാരവും ആരാധനാലയങ്ങളും രാഷ്ട്രീയലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിക്കൊണ്ട് ചരിത്രത്തിന്റെ പിൻബലമില്ലാത്ത 'തെളിവുകൾ' നിരത്തി അവകാശവാദം ഉന്നയിക്കുമ്പോൾ, ചരിത്രബോധമുള്ളവർ ഇടപെടുക അനിവാര്യമാണ്.

### ഹാഗിയ സോഫിയയുടെ ചരിത്രം

ഹാഗിയ സോഫിയ എന്ന നാമം റോമനാണ്. 'അയാസോഫിയ' എന്നു ഗ്രീക്കിലും 'സാൻക്ട സോഫിയ' എന്നു ലാറ്റിനിലും അറിയപ്പെടുന്നു. 'ഹോളി വിസ്ഡം' എന്നാണ് അതിന്റെ ഇംഗ്ലീഷിലുള്ള അർഥം. 'വിശുദ്ധ ജ്ഞാനം' എന്നു മലയാളത്തിൽ പറയാം. അതിനെ തുർക്കികൾ വിളിക്കാറുള്ളത് 'അയാ സോഫിയ എ-കെബിർ കാമി സെരീഫി' എന്നാണ്. തുർക്കിയിൽ സ്ഥിതിചെയ്യുന്ന ഈ ആരാധനാലയം റോമൻ, ഗ്രീക്ക്, ലാറ്റിൻ തുടങ്ങിയ ഭാഷകളിലൊക്കെ അറിയപ്പെടുന്നതുകൊണ്ടുതന്നെ അതിന്റെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാക്കാവുന്നതേ ഉള്ളൂ.

ഹാഗിയ സോഫിയ സ്ഥിതിചെയ്യുന്നത് ഇസ്താംബുൾ എന്ന മഹാനഗരത്തിലാണ്. നേരത്തെ കോൺസ്റ്റാന്റിനോപ്പിൾ എന്നായിരുന്നു ഇസ്താംബുൾ അറിയപ്പെട്ടിരുന്നത്. എഡി 330ൽ റോമൻ ചക്രവർത്തി കോൺസ്റ്റൻറ്റൈൻ ഈ നഗരത്തെ തലസ്ഥാനമായി സ്വീകരിച്ചതോടെയാണ് ഈ പട്ടണം കോൺസ്റ്റാന്റിനോപ്പിൾ എന്ന പേരിൽ അറിയപ്പെട്ടുവന്നത്. അതിനുമുമ്പ് ലൈഗോസ് എന്നായിരുന്നു പേര്. എഡി 1453ൽ ഓട്ടോമൻ സാമ്രാജ്യം അധീനപ്പെടുത്തിയത് മുതലാണ് ഇസ്താംബൂൾ എന്ന പേര് ഈ പട്ടണത്തിനു ലഭിച്ചത്. എഡി 537ൽ റോമൻ ചക്രവർത്തി ജുസ്റ്റിനിയൻ ഒന്നാമൻ നിർമിച്ച പാത്രിയാർക്കൽ കത്തീഡ്രൽ (ക്രിസ്ത്യൻ പള്ളി) ആണ് ഇന്ന് ഹാഗിയ സോഫിയ എന്നറിയപ്പെടുന്നത്. കിഴക്കൻ റോമൻ സാമ്രാജ്യത്തിലെ (ബൈസന്റൈൻ സാമ്രാജ്യം) ഏറ്റവും വലിയ ക്രിസ്ത്യൻ പള്ളിയായിരുന്നു അത്. വത്തിക്കാന് ചില ക്രിസ്തീയ വിഭാഗങ്ങൾ നൽകിയിരുന്ന പ്രാധാന്യമായിരുന്നു കോൺസ്റ്റാന്റിനോപ്പിളിലെ ഹാഗിയ സോഫിയക്ക് മറ്റു ചില ക്രിസ്തീയ വിഭാഗങ്ങൾ നൽകിയിരുന്നത്.

തുർക്കിയുടെ ചരിത്രം പരിശോധിക്കുമ്പോൾ വിവിധ സാമ്രാജ്യങ്ങൾ തുർക്കിയെ ഭരിച്ചിട്ടുണ്ട്. ബൈസന്റൈൻ (527-1071), സെൽജ്യൂക് (1071-1453), ഓ

> **മുഹമ്മദ് അൽഫാതിഹ് അന്നത്തെ ഓർത്തഡോക്സ് പാത്രിയാർക്കീസിൽ നിന്നും ഹാഗിയ സോഫിയ വിലയ്ക്കു വാങ്ങി എന്നൊരു വാദം പറഞ്ഞുകേൾക്കാറുണ്ട്. എന്നാൽ ഈ വാദത്തിന് ഉപോൽബലകമായ തെളിവുകളൊന്നുമില്ല. അത് തെളിയിക്കാൻ ഒരു രേഖ തുർക്കിയിലെ കോടതിയിൽ സമർപ്പിക്കപ്പെട്ടിരുന്നുവെങ്കിലും അതിന്റെ വിശ്വാസ്യത ചരിത്രപരമായി തെളിയിക്കാൻ സാധിച്ചിട്ടില്ല. ക്രിസ്തീയ വിഭാഗം പള്ളി സ്വമനസ്സാലെ വിട്ടുകൊടുത്തു എന്ന് സ്ഥാപിക്കുന്നതിനാണ് ഇത്തരമൊരു വാദം കൊണ്ടുവരുന്നത്. എന്നാൽ മറ്റു മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ അവർ വിട്ടുതന്നാൽ പോലും സ്വീകരിക്കുന്നത് ഉചിതമല്ല എന്നാണ് ചില ചരിത്ര സംഭവങ്ങളിൽ നിന്നും വ്യക്തമാകുന്നത്.**

ട്ടോമൻ (1453-1919), 1923 മുതൽ തുർക്കി റിപ്പബ്ലിക് എന്നിങ്ങനെ പ്രധാന കാലഘട്ടങ്ങളായി തുർക്കിയെ നമുക്ക് വിഭജിക്കാം. ബൈസന്റൈൻ കാലഘട്ടത്തിലാണ് ഹാഗിയ സോഫിയ നിർമിക്കപ്പെട്ടത്. സുന്നി മുസ്‌ലിംകൾക്ക് സ്വാധീനമുള്ള സാമ്രാജ്യമായിരുന്നു സെൽജ്യൂക്ക് സാമ്രാജ്യം. ഇവരുടെ കാലഘട്ടത്തിലാണ് കുരിശുയുദ്ധങ്ങൾ അരങ്ങേറിയിരുന്നത്. മൂന്നാം ഖലീഫ ഉഥ്മാൻ ഇബ്നു അഫ്ഫാൻ‎ﷺവിന്റെ കാലത്ത് തന്നെ ബൈസന്റൈൻ സാമ്രാജ്യത്തിനു കീഴിലായിരുന്ന തുർക്കിയുടെ മണ്ണിൽ ഇസ്‌ലാം പ്രവേശിച്ചിട്ടുണ്ട്. ഉമവിയ്യ കാലഘട്ടത്തിൽ അബ്ദുൽമലിക് ഖലീഫ ആയിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ മകൻ മസ്‌ലമ ഇബ്നു അബ്ദുൽമലിക് കോൺസ്റ്റാന്റിനോപ്പിൾ (ഇസ്താംബൂൾ) കീഴടക്കുന്നത്. ബൈസന്റൈൻ സാമ്രാജ്യത്തിനു കീഴിലായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയ ശേഷം അവിടെയുണ്ടായിരുന്ന അയാസോഫിയ അടക്കമുള്ള ഏതെങ്കിലും ക്രിസ്ത്യൻ പള്ളി അദ്ദേഹം മുസ്‌ലിം പള്ളിയാക്കിയതായി ചരിത്രത്തിൽ കാണാൻ കഴിയില്ല. അദ്ദേഹം ഇസ്താംബൂളിൽ തന്നെയുള്ള ഗലാത്ത എന്ന സ്ഥലത്ത് പുതുതായി ഒരു പള്ളി മുസ്‌ലിംകൾക്കായി നിർമിക്കുകയായിരുന്നു. അതാണ് തുർക്കിയിലെ ഒന്നാമത്തെ മസ്ജിദ് ആയി അറിയപ്പെടുന്ന ജാമിഉൽ അറബ്. 'അറപ് കാമി' എന്ന് തുർക്കികൾ വിളിക്കുന്ന ഈ മസ്ജിദ് എ.ഡി 718ലാണ് പണിതത്. ഈ പള്ളിക്ക് ഖുബ്ബകളോ മിനാരങ്ങളോ ഉണ്ടായിരുന്നില്ല. പൂർണമായും അന്തലൂസിയൻ (സ്പാനിഷ്) മാതൃകയിലാണ് അത് നിർമിച്ചിരുന്നത്. ബൈസന്റീനുകാർ അവരുടെ ആരാധനാലയങ്ങൾ നിർമിച്ചിരുന്നത് ഖുബ്ബയോടുകൂടിയായിരുന്നു. അതുകൊണ്ടുതന്നെ അവർ ആദ്യമായി നിർമിച്ച ആരാധനാലയമായ ഹാഗിയ സോഫിയക്കും ഖുബ്ബയുണ്ടായിരുന്നു. ഹാഗിയ സോഫിയയിലെ ഖുബ്ബകളെ മാതൃകയാക്കിയാണ് തുർക്കിയിൽ പിന്നീടു വന്ന മുസ്‌ലിം പള്ളികൾക്ക് ഖുബ്ബകൾ ഉണ്ടായതെന്ന് ചരിത്രകാരന്മാർ പറയുന്നു. പ്രവാചകൻﷺ സ്ഥാപിച്ച മദീനയിലെ പള്ളിക്ക് ഖുബ്ബ ഉണ്ടായിരുന്നില്ല. മസ്‌ലമ ഇബ്നു അബ്ദുൽമലിക് സ്ഥാപിച്ച ജാമിഉൽ അറബിനും ഖുബ്ബയുണ്ടായിരുന്നില്ല. പക്ഷേ, ഇസ്താംബൂൾ വീണ്ടും ബൈസന്റൈനുകാർ പിടിച്ചെടുത്തപ്പോൾ ജാമിഉൽ അറബിനെ അവർ ചർച്ചാക്കി മാറ്റി.

ഇതൊരു ജാമിഉൽ അറബിന്റെ മാത്രം അവസ്ഥയായിരുന്നില്ല. ബൈസന്റൈനുകാർ പ്രദേശം പിടിച്ചെടുക്കുമ്പോൾ ചില പള്ളികൾ അവർ ചർച്ചുകളാക്കിയിട്ടുണ്ട്. അതുപോലെ അറബികൾ പ്രദേശം പിടിച്ചെടുക്കുമ്പോൾ നേരെ തിരിച്ചുമുണ്ടായിട്ടുണ്ട്. സ്പെയിനിലെ ഇശ്ബീലിയ(Seville)യിൽ പന്ത്രണ്ടാം നൂറ്റാണ്ടിൽ 'അൽമുവഹ്ഹിദ' രാഷ്ട്രത്തിന്റെ അധിപൻ അബൂയഅഖൂബ് യൂസുഫ് സ്ഥാപിച്ച മസ്ജിദ് പതിമൂന്നാം നൂറ്റാണ്ടിൽ ഫെർഡിനാൻഡ് മൂന്നാമൻ പട്ടണം തിരിച്ചുപിടിച്ചപ്പോൾ 'കത്തീഡ്രൽ ഓഫ് സെന്റ് മേരി ഓഫ് ദി സീ' എന്ന പേരിൽ ക്രിസ്ത്യൻ ദേവാലയമാക്കി പരിവർത്തിപ്പിച്ചു. സ്പെയിനിലെ തന്നെ ടോലിഡോയിലുള്ള ടോലിഡോ കത്തീഡ്രൽ ക്രിസ്ത്യൻ ദേവാലയമായി നിർമിച്ചതാണെങ്കിലും ഇടക്കാലത്ത് അതിനെ മുസ്‌ലിംകൾ മസ്ജിദാക്കിയിരുന്നു. ഗ്രാനഡയിലെ പ്രസിദ്ധമായ സാന്ത മാരിയ ചർച്ച് പതിനാറാം നൂറ്റാണ്ടിൽ ഓട്ടോമൻ സുൽത്താൻ മുഹമ്മദ് മൂന്നാമൻ നിർമിച്ചതായിരുന്നു. ടോലിഡോയിലുള്ള ബാബുൽ മർദൂം എന്ന മസ്ജിദ് ടോലിഡോയുടെ പതനത്തിനു ശേഷം ചർച്ചാക്കി മാറ്റിയെങ്കിലും ഇപ്പോൾ അത് ഒരു മ്യൂസിയമാണ്. 'Cristo de la Luz' (പ്രകാശത്തിന്റെ ക്രിസ്തു) എന്ന പേരിലാണ് അതറിയപ്പെടുന്നത്. അതുപോലെ തന്നെയാണ് കൊർദോവയിലെ 'ജാമിഉ ഖുർതുബ.' നേരത്തെ ഒരു ക്രിസ്തീയ ദേവാലയമായി പണിത ഈ ആരാധനാലയം പിന്നീട് ഉമവി കാലഘട്ടത്തിൽ പകുതി ക്രിസ്ത്യാനികൾക്ക് ഉപയോഗിക്കാൻ വിട്ടുകൊടുത്തുകൊണ്ട് പകുതിഭാഗം മുസ്‌ലിംകൾ അവകാശപ്പെടുത്തി. പിന്നീട് അബ്ദുൽമലിക് ഇബ്നു മർവാന്റെ പേരമകൻ മുആവിയയുടെ മകനായ അബ്ദുറഹ്മാൻ അൽദാഖിൽ (Falcon of Quraish) പകുതിഭാഗം ക്രിസ്ത്യാനികളിൽനിന്നും വിലയ്ക്കു വാങ്ങി അവർക്ക് മറ്റൊരു ചർച്ച് നിർമിച്ചു കൊടുത്തു. എ ഡി 784ൽ ആയിരുന്നു ഈ സംഭവം. എന്നാൽ സ്പെയിനിൽ മുസ്‌ലിം ഭരണം അവസാനിച്ചതോടെ (എഡി 1492) ഈ പള്ളി പൂർണമായും ചർച്ചാക്കി മാറ്റുകയായിരുന്നു. പത്താം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ടതും 1975ൽ ഉപേക്ഷിക്കപ്പെട്ടതുമായ വെനീസിലെ കത്തോലിക്കാ വിഭാഗത്തിന്റെ സാന്താ മാരിയ പള്ളി അധികാരികൾ മുസ്‌ലിംകൾക്ക് പള്ളിയായി അനുവദിച്ചുകൊടുത്തത് 2015ൽ ആയിരുന്നു. ആ ക്രിസ്ത്യൻ ദേവാലയത്തിന്റെ അകത്തളങ്ങളിലും ഇസ്‌ലാമിന്റെയും ക്വുർആനിന്റെയും അടയാളങ്ങൾ നിലനിന്നിരുന്നതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഡമസ്കസിലെ വളരെ പ്രസിദ്ധമായ 'അൽജാമിഉൽ ഉമവി' (Omayyad Mosque) സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഒരു അരാമിയൻ പുറജാതീയ (pagan)

ബഹുദൈവാരാധനാലയമായിരുന്നു. ബിസി 54ൽ റോമാക്കാർ അതിനെ റോമൻ ദേവാലയമാക്കുകയും പിന്നീട് എഡി 391ൽ ക്രിസ്ത്യൻ ചക്രവർത്തി ഫ്‌ളാവിയസ് തിയോഡോഷ്യസ് അതിനെ ഒരു ക്രിസ്തീയ ദേവാലയമാക്കുകയും ചെയ്തു. പിന്നീട് ഉമവികളുടെ കാലത്താണ് ഇത് ഒരു മുസ്‌ലിം പള്ളിയായി മാറിയത്. പോർചുഗലിലെ മാർത്തലയിൽ സ്ഥിതിചെയ്യുന്ന 'സയ്യിദുൽ ബിഷാറ' ക്രിസ്തീയ ദേവാലയം നേരത്തെ മുസ്‌ലിം പള്ളിയായിരുന്നു. ഇങ്ങനെ സ്‌പെയിൻ, തുർക്കി, ഇറ്റലി, പോർച്ചുഗൽ, ജർമനി തുടങ്ങിയ പ്രദേശങ്ങളിൽ കുരിശുയുദ്ധങ്ങളുടെയും മുസ്‌ലിം ഭരണ സ്ഥാപനങ്ങളുടെയും പേരിൽ മസ്ജിദുകൾ ചർച്ചുകളായും ചർച്ചുകൾ മസ്ജിദുകളായും മാറിയ സംഭവങ്ങൾ അനവധിയാണ്.

ഹാഗിയ സോഫിയയെ സംബന്ധിച്ചിടത്തോളം അതിന്റെ ചരിത്രം വളരെ വ്യക്തമാണ്. ബൈസന്റൈനുകാർ നിർമിക്കുകയും പിന്നീട് ഉഥ്മാനിയ ഖിലാഫത്ത് അവിടം കീഴ്‌പെടുത്തിയ ശേഷം മുഹമ്മദ് അൽഫാതിഹ് ഹാഗിയ സോഫിയയെ ഒരു മുസ്‌ലിം പള്ളിയാക്കുകയും ചെയ്തു എന്നതാണ് അതിന്റെ ചരിത്രം. 1453ൽ ഓട്ടോമൻ സാമ്രാജ്യം തുർക്കിയിൽ അധികാരം സ്ഥാപിക്കുന്നതോടെയാണ് അത് സംഭവിച്ചത്. ഓട്ടോമൻ സാമ്രാജ്യത്തിന്റെ അധികാരം തുർക്കിയിൽ അസ്തമിച്ചതോടെ ഹാഗിയ സോഫിയ മ്യൂസിയമായി മാറുകയും ചെയ്തു. 1453 ഏപ്രിൽ ആറിനാണ് 20 വയസ്സുകാരനായ മുഹമ്മദ് അൽഫാതിഹ് കോൺസ്റ്റാന്റിനോപ്പിളിൽ പ്രവേശിക്കുന്നത്. മെയ് 23ന് പട്ടണം പൂർണമായും വരുതിയിലാക്കുകയും ബൈസൻറ്റൈൻ ചക്രവർത്തി കോൺസ്റ്റൻറ്റൈൻ IX കൊല്ലപ്പെടുകയും ചെയ്തു.

മുഹമ്മദ് അൽഫാതിഹ് അന്നത്തെ ഓർത്തഡോക്‌സ് പാത്രിയാർക്കീസിൽ നിന്നും ഹാഗിയ സോഫിയ വിലയ്ക്കു വാങ്ങി എന്നൊരു വാദം പറഞ്ഞുകേൾക്കാറുണ്ട്. എന്നാൽ ഈ വാദത്തിന് ഉപോൽബലകമായ തെളിവുകളൊന്നുമില്ല. അത് തെളിയിക്കാൻ ഒരു രേഖ തുർക്കിയിലെ കോടതിയിൽ സമർപ്പിക്കപ്പെട്ടിരുന്നുവെങ്കിലും അതിന്റെ വിശ്വാസ്യത ചരിത്രപരമായി തെളിയിക്കാൻ സാധിച്ചിട്ടില്ല. ക്രിസ്തീയ വിഭാഗം പള്ളി സ്വമനസ്സാലെ വിട്ടുകൊടുത്തു എന്ന് സ്ഥാപിക്കുന്നതിനാണ് ഇത്തരമൊരു വാദം കൊണ്ടുവരുന്നത്. എന്നാൽ മറ്റു മത വിഭാഗങ്ങളുടെ ആരാധനാലയങ്ങൾ അവർ വിട്ടുതന്നാൽ പോലും സ്വീകരിക്കുന്നത് ഉചിതമല്ല എന്നാണ് ചില ചരിത്ര സംഭവങ്ങളിൽ നിന്നും വ്യക്തമാകുന്നത്.


## ഉമറുബ്‌നുൽ ഖത്ത്വാബിന്റെ ദീർഘവീക്ഷണം

ഉമറുബ്‌നുൽ ഖത്ത്വാബ്ﷺ ജറൂസലമിൽ പ്രവേശിച്ചപ്പോൾ ഉണ്ടായ ഒരു സംഭവം പ്രമുഖ ചരിത്രകാരൻ ഇബ്‌നു ഖൽദൂൻ രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്: 'ഉമറുബ്‌നുൽ ഖത്ത്വാബ് ബൈത്തുൽ മഖ്ദസിൽ പ്രവേശിച്ചു. ശേഷം കനീസത്തുൽ ഖിയാമയുടെ (Church of the Holy Sepulchre) അടുത്തെത്തി. അതിന്റെ അകത്തളത്തിലിരുന്നു. നമസ്‌കാര സമയമായപ്പോൾ പാത്രിയാർക്കീസിനോട് അദ്ദേഹത്തിന് നമസ്‌കരിക്കണമെന്നു പറഞ്ഞു. പാത്രിയാർക്കീസ് ചർച്ചിന്റെ അകത്തളത്തിൽവച്ചുതന്നെ നമസ്‌കരിക്കാൻ പറഞ്ഞു. പക്ഷേ, ഉമർ ചർച്ചിന്റെ പുറത്ത് വാതിലിനരികിലുള്ള ചവിട്ടുപടിയിൽവച്ച് നമസ്‌കരിച്ചു. നമസ്‌കാരം കഴിഞ്ഞശേഷം അദ്ദേഹം പാത്രിയാർക്കീസിനോട് ഇങ്ങനെ പറഞ്ഞു: 'ഞാൻ ചർച്ചിന്റെ ഉള്ളിൽ നമസ്‌കരിച്ചാൽ എനിക്ക് ശേഷം മുസ്‌ലിംകൾ ഇത് ഉമർ നമസ്‌കരിച്ച സ്ഥലമാണെന്ന് പറഞ്ഞുകൊണ്ട് അവകാശം പറഞ്ഞുതുടങ്ങും. ചവിട്ടുപടികളിൽ ആളുകളെ ഒരുമിച്ചുകൂട്ടുകയില്ലെന്നും നമസ്‌കാരത്തിനായി വിളിക്കുകയില്ലെന്നും അദ്ദേഹം എഴുതിക്കൊടുക്കുകയും ചെയ്തു' (താരീഖ് ഇബ്‌നു ഖൽദൂൻ 2/225).

ഈ സംഭവത്തിന് ഹദീഥ് നിദാനശാസ്ത്രത്തിന്റെ നിബന്ധനകൾ പ്രകാരമുള്ള ഉമറിലേക്ക് എത്തുന്ന സനദ് ഇല്ല എന്ന വിമർശനമുണ്ടെങ്കിലും പൊതുവിൽ ഒരു ചരിത്രമായി ലോകത്ത് ഈ സംഭവം പ്രസിദ്ധമാണ്. ഉമർﷺവിന്റെതായി ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്ന മറ്റൊരു സംഭവത്തിൽ ഇങ്ങനെ കാണാം: 'നിങ്ങളുടെ ചർച്ചുകളിൽ ഞങ്ങൾ നമസ്‌കരിക്കില്ല. കാരണം അവിടെ വിഗ്രഹങ്ങളും ചിത്രങ്ങളുമുണ്ട്' ബുഖാരി 1/167). ഒരു ഭരണാധികാരിക്ക് വേണ്ട വിവേകമാണ് ഇബ്‌നു ഖൽദൂൻ പറഞ്ഞ സംഭവത്തിലൂടെ ഉമർﷺ കാണിച്ചത്. ഒരു മതവിഭാഗം അവരുടേതെന്ന് കരുതുന്ന ആരാധനാലയം അവകാശപ്പെടുത്തുന്നത് ഉണ്ടാക്കിയേക്കാവുന്ന സാമൂഹിക പ്രശ്‌നങ്ങളെ മുൻകൂട്ടിക്കാണാനുള്ള ആത്മാർഥതയും ദീർഘദൃഷ്ടിയും ഒരു ഭരണാധികാരിക്കുണ്ടാവേണ്ടതുണ്ട്. മുഹമ്മദ് അൽഫാതിഹും ഇതേ വിവേകമായിരുന്നു കാണിക്കേണ്ടിയിരുന്നത്. അതോടൊപ്പം പൊതുവിൽ സ്വീകരിക്കേണ്ട നടപടിയാണ് ബുഖാരിയുടെ ഹദീഥിൽ ഉള്ളത്. ഹാഗിയ സോഫിയയിൽ നിന്നും ചിത്രങ്ങളും രൂപങ്ങളുമൊന്നും എടു

ത്തുമാറ്റാതെയായിരുന്നു അവിടെ നമസ്കാരം നിർവഹിക്കപ്പെട്ടിരുന്നത് എന്നറിയുമ്പോൾ പ്രവാചകന്റെയും ഖലീഫമാരുടെയും നിർദേശങ്ങൾക്ക് കടകവിരുദ്ധമായിരുന്നു ആ നടപടിയെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

ഇമാം അഹ്മദുബ്നു ഹമ്പലിന്റെ ഉസ്താദായിരുന്ന ഖാദി അബൂയൂസുഫ് ഉമവി ഖലീഫയായിരുന്ന ഹാറൂൺ റഷീദിന്റെ കോടതിയിലെ ന്യായാധിപനായിരുന്നു. വിവിധ രാജ്യങ്ങളിലെ ഇസ്‌ലാമിന്റെ വിജയത്തിന് ശേഷം ക്രിസ്തീയ ദേവാലയങ്ങളുടെ കാര്യത്തിലുള്ള നിലപാട് അദ്ദേഹം ഖലീഫയ്ക്ക് എഴുതിയത് അദ്ദേഹത്തിന്റെ കിതാബുൽ ഖറാജിൽ കാണാം. അതിങ്ങനെയാണ്: 'അമീറുൽ മുഅ്മിനീൻ, മുസ്‌ലിംകൾ വിവിധ രാജ്യങ്ങൾ അതിജയിച്ചപ്പോഴെല്ലാം അമുസ്‌ലിംകളുടെ (ദിമ്മികളുടെ) ആരാധനാലയങ്ങൾ നശിപ്പിക്കപ്പെടാതെ എങ്ങനെയാണ് ഉപേക്ഷിക്കപ്പെട്ടതെന്നും അവരുടെ ആഘോഷദിവസങ്ങളിൽ അവർക്ക് കുരിശുമായി പുറത്തിറങ്ങാൻ സാധിക്കുന്നവിധം അവർ എങ്ങനെയാണ് ഉപേക്ഷിക്കപ്പെട്ടതെന്നും താങ്കൾ ചോദിച്ചുവല്ലോ. പരസ്പരധാരണയോടെയുള്ള ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിലായിരുന്നു അത്. പട്ടണത്തിനു അകത്തോ പുറത്തോ ഉള്ള ഒരു ആരാധനാലയങ്ങളും നശിപ്പിക്കുകയില്ല എന്നതായിരുന്നു വ്യവസ്ഥ' (കിതാബുൽ ഖറാജ്, പേജ് 138). ഒരു രാജ്യത്തേക്ക് ഇസ്‌ലാം കടന്നുവരുമ്പോൾ അവിടങ്ങളിലുള്ള ഇതരമതസ്ഥരുടെ ആരാധനാലയങ്ങൾ നശിപ്പിക്കുകയോ പിടിച്ചടക്കുകയോ അല്ല വേണ്ടതെന്നു ഈ ചരിത്രങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.



### എങ്ങനെ മ്യൂസിയമായി?

ഓട്ടോമൻ അധികാരികൾ ഹാഗിയ സോഫിയ ഒരു മുസ്‌ലിം പള്ളിയാക്കി പരിവർത്തിപ്പിച്ചുവെങ്കിൽ പിന്നീട് എങ്ങനെയാണ് അത് മ്യൂസിയമായി മാറിയത്? ഓട്ടോമൻ ഭരണം അവസാനിച്ച ശേഷം 1923ൽ റിപ്പബ്ലിക് ഓഫ് തുർക്കി രൂപംകൊള്ളുകയും അതിന്റെ ആദ്യത്തെ പ്രസിഡണ്ടായി അത്താതുർക്ക് എന്ന പേരിലറിയപ്പെടുന്ന മുസ്തഫ കമാൽ പാഷ സ്ഥാനമേൽക്കുകയും ചെയ്തു. ഒന്നാം ലോകയുദ്ധം കഴിഞ്ഞ ശേഷം ഇറ്റലിയിൽ നിന്നും വലിയ ഭീഷണി നേരിട്ടിരുന്ന അത്താതുർക്ക് തുർക്കിക്ക് വേണ്ടി ബാൾക്കൻ രാജ്യങ്ങളുമായി ഒരു സന്ധിയുണ്ടാക്കി. അൽബേനിയ, ബോസ്നിയ-ഹെർസഗോവിന, ബൾഗേറിയ, ക്രൊയേഷ്യ, മൊണ്ടിനെഗ്രോ, ഗ്രീസ്, മാസിഡോണിയ, സെർബിയ, കൊസോവൊ എന്നിവയാണ് ബാൾക്കൻ രാജ്യങ്ങൾ.

സന്ധിയുടെ ഭാഗമായി അത്താതുർക്കിന്റെ പ്രതിനിധി സെലാൽ ബയാർ ഗ്രീസ് സന്ദർശിച്ചു. ഹാഗിയ സോഫിയയെ ഒരു മ്യൂസിയമാക്കി മാറ്റിയാൽ അത് മറ്റു ബാൾക്കൻ രാജ്യങ്ങളെ തുർക്കിയെ കരാറിൽ ഉൾപ്പെടുത്താൻ പ്രേരിപ്പിക്കുമെന്ന് ഗ്രീക്ക് പ്രധാനമന്ത്രി ബായാറിനോട് പറഞ്ഞു. ഗ്രീക്ക് പ്രധാനമന്ത്രിയുടെ സന്ദേശം ബയാർ പ്രസിഡണ്ട് അത്താതുർക്കിന് കൈമാറി. ഇതിനു മറുപടിയായി അത്താതുർക്ക് പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: 'ജീർണാവസ്ഥയിൽ കിടക്കുന്ന ഹാഗിയ സോഫിയ പുതുക്കിപ്പണിയാനുള്ള ഫണ്ട് ഇല്ലെന്നാണ് അതിന്റെ അധികാരികൾ പറഞ്ഞത്. ഹാഗിയ സോഫിയ ഇപ്പോൾ തകർന്നുകിടക്കുകയാണ്. അവഗണിക്കപ്പെട്ടിരിക്കുന്ന ഒരു ചവറായി അത് മാറിയിരിക്കുന്നു. ഒരു മ്യൂസിയമാക്കി മാറ്റുകയാണെങ്കിൽ നമുക്കതിനെ ജീർണാവസ്ഥയിൽനിന്നും സംരക്ഷിക്കാൻ സാധിക്കുകയും അതോടൊപ്പം ബാൾക്കൻ ഉടമ്പടിയിലൂടെ രാജ്യത്തെ സംരക്ഷിക്കാനും കഴിയുമെങ്കിൽ നമുക്ക് അങ്ങനെ തന്നെ ചെയ്യാം.'

1934 ആഗസ്റ്റിൽ മ്യൂസിയമാക്കാനുള്ള പ്രവർത്തനമാരംഭിച്ചു. തുർക്കിയിലെ മറ്റു മ്യൂസിയങ്ങളിൽനിന്ന് ബൈസന്റൈൻ ശവക്കല്ലറകളും ജ്ഞാനസ്നാ

നത്തൊട്ടികളും ശില്പകലാരൂപങ്ങളും ഹാഗിയ സോഫിയയുടെ ഉദ്യാനത്തിൽ സ്ഥാപിച്ചു. തുർക്കി ഇസ്‌ലാമിക് ആർട്ട് മ്യൂസിയത്തിൽനിന്നും പരവതാനികൾ, മെഴുകുതിരികൾ, വിളക്കുകൾ, കാലിഗ്രാഫികൾ തുടങ്ങിയ മുസ്‌ലിം കലാരൂപങ്ങളും കൊണ്ടുവന്നു. എന്നാൽ പിന്നീട് തുർക്കി തലസ്ഥാനമായ അങ്കാറയിൽനിന്നുള്ള നിർദേശപ്രകാരം നേരത്തെ ഹാഗിയ സോഫിയയിൽ ഉണ്ടായിരുന്ന കലാരൂപങ്ങൾ മാത്രം നിലനിർത്താൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ 1934 നവംബർ 24ന് മന്ത്രിസഭ ഹാഗിയ സോഫിയ ഇനിമുതൽ ഒരു മ്യൂസിയമായിരിക്കുമെന്നു പ്രഖ്യാപിക്കുകയും1935 ഫിബ്രവരി 1ന് മ്യൂസിയം പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

### ഉർദുഗാന്റെ ലക്ഷ്യമെന്ത്?

ഇപ്പോൾ ഹാഗിയ സോഫിയയെ വീണ്ടും ഒരു മസ്ജിദ് ആക്കി പരിവർത്തിപ്പിക്കുന്നതിലൂടെ എന്താണ് ഉർദുഗാൻ ഉദ്ദേശിച്ചത്? ഇസ്താംബൂളിലും തുർക്കിയുടെ ഇതര പ്രദേശങ്ങളിലും പള്ളികൾക്ക് ക്ഷാമമുള്ളതുകൊണ്ടാണോ? ഇസ്താംബൂളിൽ മാത്രം മുപ്പതോളം അറിയപ്പെടുന്ന വലിയ പള്ളികളുണ്ട്. ഹാഗിയ സോഫിയയിൽനിന്നും മീറ്ററുകൾ മാത്രം അകലത്തിൽ സ്ഥിതിചെയ്യുന്ന മസ്ജിദുകളുമുണ്ട്. അപ്പോൾ ഒരു മസ്ജിദിന്റെ ആവശ്യമല്ല ഇപ്പോഴുള്ള നടപടിയുടെ പിന്നിൽ. ഇനി ഏതെങ്കിലും അന്യവിഭാഗങ്ങൾ പിടിച്ചെടുത്ത പള്ളിയായിരുന്നോ ഹാഗിയ സോഫിയ? അതുമല്ല. മുസ്തഫ കമാൽ പാഷ അടക്കമുള്ള മുസ്‌ലിം ഭരണാധികാരികൾ തന്നെയാണ് അതിനെ മ്യൂസിയമാക്കിയത്. ഉർദുഗാന് ചില പ്രത്യേക ലക്ഷ്യങ്ങളുണ്ട്. അത് അദ്ദേഹത്തിന്റെ രാഷ്ട്രീയം തന്നെയാണ്. ആധുനിക സമൂഹത്തിൽ ഒട്ടും യുക്തിസഹമല്ലാത്ത ഈ നടപടി ജനങ്ങൾക്കിടയിൽ മുസ്‌ലിം സേവകനും മുസ്‌ലിംകളുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതുന്നവനാണെന്നും വരുത്തിത്തീർക്കാനുള്ള വിലകുറഞ്ഞ രാഷ്ട്രീയമാണെന്നാണ് വിലയിരുത്തപ്പെടുന്നത്.

ഹാഗിയ സോഫിയയുടെ അടിസ്ഥാനസ്വഭാവങ്ങൾക്ക് മാറ്റം വരുത്താതെയാണ് അത് പള്ളിയാക്കി മുസ്‌ലിംകൾക്ക് ആരാധനയ്ക്ക് നൽകിയിരിക്കുന്നത്. ഒരു മസ്ജിദിന് വേണ്ട നിബന്ധനകളും നിയമങ്ങളും എന്തൊക്കെയാണോ അതൊന്നും പാലിക്കാൻ തയ്യാറായിട്ടില്ല. തുർക്കി ഭരണകൂട വക്താവ് ഇബ്രാഹീം കാലിൻ മാധ്യമങ്ങളോട് പറഞ്ഞത് ഇങ്ങനെയാണ്: 'നമസ്കാരസമയം ഹാഗിയ സോഫിയയിലെ ചിത്രപ്പണികളും മൊസൈകുകളും മറച്ചുവയ്ക്കും. അതിനകത്തുള്ള ചുമർചിത്രങ്ങൾക്കോ മറ്റോ യാതൊരു കേടുപാടുകളും സംഭവിക്കുകയില്ല.' ഈ പ്രസ്താവന വ്യക്തമാക്കുന്നത് നമസ്കാരം നിർവഹിക്കുന്നിടത്ത് പാടില്ലാത്ത ചിത്രങ്ങൾ പോലും അവിടെനിന്ന് നീക്കം ചെയ്യാതെയാണ് ഹാഗിയ സോഫിയയെ പള്ളിയാക്കി ഉർദുഗാൻ പ്രഖ്യാപിച്ചിരിക്കുന്നത് എന്നാണ്. മാത്രവുമല്ല മറ്റു മതസ്ഥർക്ക് യഥേഷ്ടം വിഹരിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുമുണ്ട്. ഇത്ര ബുദ്ധിമുട്ടി ക്രൈസ്തവ ദേവാലയമായി നിർമിക്കപ്പെട്ട ഈ കെട്ടിടം വീണ്ടും മുസ്‌ലിം പള്ളിയായി പരിവർത്തിപ്പിക്കേണ്ടതുണ്ടോ? ശരിയായ അർഥത്തിൽ ആരാധനകൾ നിർവഹിക്കാൻ മുസ്‌ലിംകൾക്ക് ഈ സ്ഥലം ഉപകരിക്കില്ല എന്നതോടൊപ്പം ലോകസമൂഹത്തിന്റെ അനാവശ്യമായ എതിർപ്പ് വിളിച്ചുവരുത്തുകയും ചെയ്യും. മക്ക, മദീന പോലെ പ്രാധാന്യമുള്ള എന്തോപോലെയാണ് ഹാഗിയ സോഫിയയെ ഉർദുഗാൻ അവതരിപ്പിക്കുന്നത്. ഒരു പുതിയ ഇസ്‌ലാമിക സാമ്രാജ്യത്വം സ്ഥാപിക്കുവാനും അതിന്റെ നേതൃസ്ഥാനത്ത് ഖലീഫയായി സ്വയം പ്രതിഷ്ഠിക്കാനുമുള്ള ശ്രമമാണ് ഉർദുഗാന്റെ നടപടികൾ വീക്ഷിച്ചാൽ മനസ്സിലാവുക.

ഹാഗിയ സോഫിയ മ്യൂസിയം പള്ളിയാക്കി ഒരു മാസം പിന്നിടുമ്പോൾ ഉർദുഗാൻ മറ്റൊരു മ്യൂസിയം കൂടി പള്ളിയാക്കി പ്രഖ്യാപിച്ചിരിക്കുകയാണ്. ഖോറ മ്യൂസിയം എന്നറിയപ്പെടുന്ന ഈ മ്യൂസിയം പതിനൊന്നാം നൂറ്റാണ്ടിൽ ക്രിസ്തീയ ദേവാലയമായി നിർമിക്കപ്പെട്ടതാണ്. വിശുദ്ധ സേവ്യറിന്റെ പള്ളി എന്നാണ് അത് അറിയപ്പെട്ടിരുന്നത്. ഓട്ടോമൻ സാമ്രാജ്യം തുർക്കി പിടിച്ചെടുത്തപ്പോൾ അതിനെ മസ്ജിദാക്കി മാറ്റുകയും കരിയ കാമി എന്ന പേരിൽ അത് അറിയപ്പെടുകയും ചെയ്തു. ഇങ്ങനെയുള്ള സംഭവങ്ങളിലൂടെ ഉർദുഗാൻ നൽകുന്ന സന്ദേശം അതിഭയാനകമാണ്. ലോകത്തുള്ള ക്രൈസ്തവ വിഭാഗങ്ങളെ മുഴുവൻ പ്രകോപിപ്പിച്ച് മുസ്‌ലിം-ക്രിസ്ത്യൻ വർഗീയത പടർത്തി അതിന്മേൽ തന്റെ രാഷ്ട്രീയഭാവി സുരക്ഷിതമാക്കാമെന്ന ദിവാസ്വപ്നത്തിലാണ് കൗശലക്കാരനായ ഈ ഭരണാധികാരി.

ഹാഗിയ സോഫിയ പള്ളിയാക്കിയതിൽ മുറവിളികൂട്ടുന്ന അന്താരാഷ്ട്ര സമൂഹങ്ങളോടും രാജ്യങ്ങളോടും മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. ചരിത്രത്തിൽ പലപ്പോഴായി മുസ്‌ലിം പള്ളികൾ സ്പെയിനിലും യൂറോപ്യൻ രാജ്യങ്ങളിലും ചർച്ചുകളാക്കി മാറ്റിയിട്ടുണ്ട്. അതിനെതിരെ ഒരു ചെറുവിരലനക്കാൻ ആരും ഇതുവരെ തയ്യാറായിട്ടില്ല. തുർ



ക്കിയിലെ കോടതി ഹാഗിയ സോഫിയ പള്ളിയാക്കിയതുപോലെ ഇന്ത്യൻ കോടതി ബാബരി മസ്ജിദിന് പകരം രാമക്ഷേത്രം നിർമിക്കാൻ വിധിച്ചപ്പോൾ ലോകത്തെ ഒരു രാഷ്ട്രവും ഐക്യരാഷ്ട്ര സഭയും പ്രതികരിച്ചതായി കണ്ടിട്ടില്ല. ഉർദുഗാന്റെ തെറ്റായ നടപടിക്കെതിരെ പ്രതികരിക്കുമ്പോൾ മറ്റുള്ള തെറ്റുകൾക്കെതിരെയും പ്രതികരിക്കാനുള്ള മാനസിക വികാസം ഉണ്ടാവുമ്പോൾ മാത്രമെ പ്രതികരണങ്ങളുടെ ആത്മാർഥത തെളിയുകയുള്ളൂ.

### ഹാഗിയ സോഫിയയും ബാബരി മസ്ജിദും

ഹാഗിയ സോഫിയയെ ബാബരി മസ്ജിദ് പ്രശ്നവുമായി താരതമ്യം ചെയ്യുന്നവരുണ്ട്. കോടതി വിധിയിലൂടെ അനുകൂലമായ വിധി സംഘപരിവാറിന് കിട്ടിയെങ്കിൽ തുർക്കിയിലും സമാനമായ കോടതി വിധിയിലൂടെയാണ് ഹാഗിയ സോഫിയ മുസ്‌ലിം പള്ളിയാക്കിക്കൊണ്ട് ഉർദുഗാൻ വിധി സംഘടിപ്പിച്ചത്. എന്നാൽ രണ്ടു വിധികളിലും നൈതികതയുടെ അംശം എത്രയുണ്ടെന്ന് ചോദിച്ചാൽ പൊടിപോലുമില്ല കണ്ടുപിടിക്കാൻ എന്ന് പറയേണ്ടിവരും. ഹാഗിയ സോഫിയ നിലനിന്നിരുന്ന സ്ഥലത്ത് ഒരു മുസ്‌ലിം പള്ളിയുണ്ടായിരുന്നു എന്ന വാദം മുസ്‌ലിംകൾക്കില്ല. 1453ൽ മുഹമ്മദ് അൽഫാതിഹ് ഈ ക്രിസ്തീയ ദേവാലയത്തെ മുസ്‌ലിം പള്ളിയാക്കി മാറ്റിയതായിരുന്നു എന്ന ചരിത്രം എല്ലാവരും അംഗീകരിക്കുന്നതാണ്. എന്നാൽ ബാബരി മസ്ജിദ് പണിതത് മുഗൾ ചക്രവർത്തി ബാബർ ആണെന്ന ചരിത്രത്തെ തമസ്കരിച്ച് ഇല്ലാത്ത ചരിത്രം ഉണ്ടാക്കാനാണ് ഇന്ത്യയിലെ സംഘപരിവാർ ശ്രമിച്ചത്. നേരത്തെ ഉണ്ടായിരുന്ന ക്ഷേത്രത്തെ തകർത്തുകൊണ്ടാണ് ബാബരി മസ്ജിദ് നിർമിച്ചത് എന്ന വാദമാണ് കോടതിയിൽ സംഘപരിവാർ കൊണ്ടുവന്നത്. അതിനു ചരിത്രത്തിന്റെ പിൻബലമില്ലെന്നു കണ്ടപ്പോൾ ഇല്ലാത്ത ആർക്കിയോളജിക്കൽ 'തെളിവുകൾ' ഉണ്ടാക്കിയെടുക്കുകയായിരുന്നു അവർ. അതുകൊണ്ട് കോടതിവിധിയുടെ പേരിലുള്ള സമാനതകൾ പറഞ്ഞുകൊണ്ട് ബാബരിയെയും ഹാഗിയ സോഫിയയെയും ഒരുപോലെ കണ്ടു വിഷയത്തെ മയപ്പെടുത്താൻ ശ്രമിക്കുന്നതിൽ കാര്യമില്ല.

ഒരേസമയം ഇറാന്റെയും ബ്രദർഹുഡിന്റെയും തോളിൽനിന്നുകൊണ്ട് ഹാഗിയ സോഫിയയെയും ഇതര മ്യൂസിയങ്ങളെയും മസ്ജിദുകളാക്കി മാറ്റിക്കൊണ്ടുള്ള രാഷ്ട്രീയം പയറ്റുന്ന ഉർദുഗാൻ അതിനായി തെരഞ്ഞെടുത്ത സമയം ഒട്ടും ഉചിതമായില്ല. ലോകം മുഴുവൻ അസഹിഷ്ണുതയുടെയും അസമാധാനത്തിന്റെയും മത വർഗീയതയുടെയും വൈറസുകൾ പരന്നുകൊണ്ടിരിക്കുമ്പോൾ മതവിശ്വാസികളിൽ വൈരവും ശത്രുതയും വളർത്തുന്ന നടപടികൾ സത്യവും ധർമവും അംഗീകരിക്കുന്ന സമൂഹങ്ങളിൽ സ്വീകാര്യമാവില്ല എന്നത് നിസ്തർക്കമാണ്. ഇസ്‌ലാമിക രാജ്യങ്ങളെയും സംഘടനകളെയും സംശയത്തിന്റെ മുനയിൽ നിർത്താൻ മാത്രമെ ഇത്തരം നടപടികൾ ഉപകരിക്കൂ. വളർന്നുവരുന്ന തീവ്രവാദങ്ങൾക്കും ഭീകരപ്രവർത്തനങ്ങൾക്കും തുണയായി മാറുന്ന നടപടികളാണിത്.

ലോകമാകമാനം കൊറോണയുടെ ഭീഷണിയിൽ കഴിയുകയും പല രാജ്യങ്ങളുടെയും സമ്പദ്‌വ്യവസ്ഥകൾ തകർന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ലോകത്തിന് ഉപകാരപ്രദമായ ജനോപകാര നടപടികളാണ് ഒരു ഉത്തരവാദപ്പെട്ട രാഷ്ട്രം എന്ന നിലയ്ക്ക് തുർക്കിയിൽനിന്നും ലോകം ഉറ്റുനോക്കുന്നത്. രാജ്യങ്ങൾ തമ്മിലും മതവിഭാഗങ്ങൾ തമ്മിലും സൗഹാർദവും സഹവർത്തിത്വവും വളർത്തുകയും പരസ്പരം തെറ്റുധാരണകൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തുകയുമാണ് വേണ്ടതെന്നു വർത്തമാന ലോകം നമ്മോട് വിളിച്ചു പറയുന്നുണ്ട്. ഹാഗിയ സോഫിയയെ വർഗീയമായോ പക്ഷപാതിത്വപരമായോ നിരീക്ഷിക്കാതെ ചരിത്രത്തിന്റെ പിൻബലത്തോടെ നൈതികതയുടെ തുലാസിലിട്ട് സത്യസന്ധമായി വിധി പ്രസ്താവിക്കാനാണ് ഇസ്‌ലാമിക ലോകമടക്കം സമാധാനത്തെയും ശാന്തിയെയും നീതിയെയും ധർമത്തെയും സ്നേഹിക്കുന്ന മുഴുവൻ പേരും തയ്യാറാവേണ്ടത്.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com




# മനുഷ്യനെപ്പറ്റി ക്വുർആനിലെ ഉപമകൾ

മനുഷ്യന്റെ വിശ്വാസം, സ്വഭാവം, പെരുമാറ്റം, കർമങ്ങൾ തുടങ്ങി പലതിന്റെയും അടിസ്ഥാനത്തിൽ അവനെ പലതിനോടും അല്ലാഹു ഉപമിച്ചതായി ക്വുർആനിൽ കാണാം. ഏതാനും ഉദാഹരണങ്ങൾ മനസ്സിലാക്കാം:

**1. ഇരുട്ടിൽ തപ്പിത്തടയുന്നവൻ**

"അവരെ ഉപമിക്കാവുന്നത് ഒരാളോടാകുന്നു: അയാൾ തീ കത്തിച്ചു. പരിസരമാകെ പ്രകാശിതമായപ്പോൾ അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളയുകയും ഒന്നും കാണാനാവാതെ ഇരുട്ടിൽ (തപ്പുവാൻ) അവരെ വിടുകയും ചെയ്തു" (ക്വുർആൻ 2:17).

ദൈവികമായ വെളിച്ചം ലഭിക്കാതെ ജീവിച്ച ഒരാൾ ഇസ്‌ലാമിലേക്ക് വരികയും ആ വെളിച്ചത്തിൽ ശരിയും തെറ്റും വേർതിരിച്ചു മനസ്സിലാക്കി സത്യസന്ധനായ മുസ്‌ലിമായി ജീവിക്കുന്നതിന്ന് പകരം വീണ്ടും തിന്മകളുടെ ഇരുട്ടിൽ പെട്ട് വഴിതെറ്റിപ്പോവുകയും ചെയ്ത ഒരാളുടെ ഉപമയാണിത്. വി

ശ്വാസിയായതിന്നു ശേഷം കപടവിശ്വാസിയായി മാറിയ ഒരാളെയാണ് ഈ ഉപമയിൽ കാണുന്നത്. ഇങ്ങനെ കാപട്യത്തിലേക്ക് ആപതിച്ചുപോയാൽ പിന്നീട് തിരിച്ചുവരാൻ കഴിയാത്തവിധം വീണ്ടുവിചാരശേഷി നഷ്ടപ്പെട്ടു കണ്ടും കേട്ടും സത്യത്തിലെത്തിച്ചേരാൻ കഴിയാതെ നരകത്തിൽ പതിച്ചുപോകുമെന്ന് ക്വുർആൻ ഓർമിപ്പിക്കുന്നു. സത്യവിശ്വാസി ജാഗ്രത പാലിക്കണമെന്നു കൂടി ഇത് നമ്മെ പഠിപ്പിക്കുന്നു.

'ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ' എന്ന് നിത്യവും നിർബന്ധമായി പതിനേഴുവട്ടം പ്രാർഥിക്കാൻ മുസ്‌ലിം കൽപിക്കപ്പെട്ടിട്ടുണ്ടല്ലോ.

'ഹൃദയങ്ങളെ മറിച്ചുകൊണ്ടിരിക്കുന്നവനേ, എന്റെ ഹൃദയത്തെ നിന്റെ മതത്തിൽ നീ ഉറപ്പിച്ചു നിർത്തേണമേ' എന്ന് നബിﷺ എപ്പോഴും പ്രാർഥിക്കാറുണ്ടായിരുന്നു (തിർമിദി).

### 2. ഇടിയിലും മഴയിലും പെട്ടവൻ

"അല്ലെങ്കിൽ (അവരെ) ഉപമിക്കാവുന്നത് ആകാശത്തുനിന്നു ചൊരിയുന്ന ഒരു പേമാരിയോടാകുന്നു. അതോടൊപ്പം കൂരിരുട്ടും ഇടിയും മിന്നലുമുണ്ട്. ഇടിനാദങ്ങൾ നിമിത്തം മരണംഭയന്ന് അവർ വിരലുകൾ ചെവിയിൽ തിരുകുന്നു. എന്നാൽ അല്ലാഹു സത്യനിഷേധികളെ വലയം ചെയ്തിരിക്കുകയാണ്. മിന്നൽ അവരുടെ കണ്ണുകളെ റാഞ്ചിയെടുക്കുമാറാകുന്നു. അത് (മിന്നൽ) അവർക്ക് വെളിച്ചം നൽകുമ്പോഴെല്ലാം അവർ ആ വെളിച്ചത്തിൽ നടന്നുപോകും. ഇരുട്ടാകുമ്പോൾ അവർ നിന്നുപോകുകയും ചെയ്യും. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ കേൾവിയും കാഴ്ചയും അവൻ തീരെ നശിപ്പിച്ചുകളയുക തന്നെ ചെയ്യുമായിരുന്നു. നിസ്സംശയം അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാണ്" (ക്വുർആൻ 2:19-20).

നേരത്തെ കപടവിശ്വാസികളെ ഉപമിച്ചതിന്റെ മറ്റൊരു രൂപമാണ് ഈ വചനത്തിലുള്ളത്. വിശ്വാസമുണ്ടെങ്കിലും അതിന്റെ ദുർബലതയാൽ ഇസ്‌ലാമിക ജീവിതത്തിൽ ഉറച്ചുനിൽക്കാൻ കഴിയാതെ സംശയത്തിലും ആശയക്കുഴപ്പത്തിലും പെട്ട് ആടിയുലയുന്ന ആളുകളെയാണ് ഇത് സൂചിപ്പിക്കുന്നത്. അവർക്ക് ക്വുർആനിന്റെ താക്കീതുകളും കൽപനകളും കേൾക്കാൻ ഇഷ്ടമില്ല. അവയെ അവഗണിക്കുകയും കേൾക്കാതിരിക്കാൻ അവർ കൈവിരലുകൾ കാതിൽ തിരുകിവയ്ക്കുകയും ചെയ്യുന്നു.

### 2. ജന്തുക്കളോട് ഒച്ചയിടുന്നവർ

"സത്യനിഷേധികളെ ഉപമിക്കാവുന്നത് വിളിയും തെളിയുമല്ലാതെ മറ്റൊന്നും കേൾക്കാത്ത ജന്തുവിനോട് ഒച്ചയിടുന്നവനോടാകുന്നു. അവർ ബധിരരും ഊമകളും അന്ധരുമാകുന്നു. അതിനാൽ അവർ (യാതൊന്നും) ചിന്തിച്ചു ഗ്രഹിക്കുകയില്ല" (ക്വുർആൻ 2:171).

ബുദ്ധി നൽകി അല്ലാഹു അനുഗ്രഹിച്ച സൃഷ്ടിയാണ് മനുഷ്യൻ. അതുപയോഗപ്പെടുത്താതെ, ആരൊക്കെയോ ചെയ്യുന്നത് കണ്ട് അന്ധമായി അവരെ പിന്തുടരുന്നവരെ പറ്റിയാണിവിടെ വിവരിക്കുന്നത്. അല്ലാഹു ഇറക്കിത്തന്നത് പിന്തുടർന്നു ജീവിക്കണമെന്ന് പറയപ്പെടുമ്പോൾ, അല്ല ഞങ്ങളുടെ പിതാക്കൾ ചെയ്തുവന്നതേ ഞങ്ങൾ പിൻപറ്റുകയുള്ളൂ എന്ന് പറയുന്ന ഒരു വിഭാഗത്തെപ്പറ്റി വിവരിച്ചതിന്നു ശേഷമാണ് ഈ ഉപമ എന്നത് ശ്രദ്ധേയമാണ്.

### 3. കതിർക്കുലകൾ

"അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്" (ക്വുർആൻ 2:261).

> **ഒരു മൃഗം തിന്നാനും കുടിക്കാനും സുരക്ഷയ്ക്കും ലൈംഗികശമനത്തിന്നും അതിന്റെ ഇന്ദ്രിയശക്തി ഉപയോഗിക്കുന്നു. അതിന്നപ്പുറം മറ്റൊരു സംവേദനശേഷി അവ പ്രകടിപ്പിക്കാറില്ല. ചിലയാളുകളും അതുപോലെയാണ്. യഥേഷ്ടം തിന്നാനും ഉല്ലസിക്കാനും ഭോഗിക്കാനും ജീവിതം എങ്ങനെയെങ്കിലും ആസ്വദിക്കാനും ആവശ്യമായ ബുദ്ധിയും തന്റേടവും സംവേദനക്ഷമതയും അവർ പ്രകടിപ്പിക്കുന്നത് കാണാം. എന്നാൽ ഇതെല്ലാം അനുഗ്രഹിച്ച് നൽകുന്ന സ്രഷ്ടാവിനെപ്പറ്റിയുള്ള ബോധമോ അവന്റെ മാർഗദർശനങ്ങളോ അവർക്കറിയില്ല. മൃഗങ്ങൾ മണ്ണായിത്തീരുമ്പോൾ, മനുഷ്യർക്ക് സ്വർഗം, നരകം എന്നീ രണ്ടു പര്യവസാനങ്ങളുണ്ടെന്ന ബോധം അവർക്കില്ല. അതിനാൽ അവർ മൃഗങ്ങളെക്കാൾ അധമരാണ്.**

ആത്മാർഥതയുടെ വിലയാണിവിടെ കാണുന്നത്. അല്ലാഹുവിന്റെ പ്രീതിമാത്രം പ്രതീക്ഷിച്ചു ധർമം ചെയ്യുന്നവരോട് അല്ലാഹു കാണിക്കുന്ന കാരുണ്യത്തിന്റെ വൈപുല്യവും ഈ ഉപമയിൽ കാണാം. ഒരു ധാന്യമണി മുളച്ചുവളർന്ന് എഴുന്നൂറായി വർധിക്കുന്നപോലെ ചെറിയ ധർമത്തിന്നുപോലും ഇരട്ടികളായി, ചിലപ്പോൾ അതിലധികവും പുണ്യവും പ്രതിഫലവും നൽകി അല്ലാഹു സ്വീകരിക്കുമെന്ന പ്രോത്സാഹനം ഈ ഉപമ ഉൾക്കൊള്ളുന്നു. ഏതൊരു കർമത്തിന്റെയും ബാഹ്യഭാവങ്ങളല്ല, മനസ്സിന്റെ ശുദ്ധിയാണ് അല്ലാഹുവിങ്കൽ പരിഗണിക്കപ്പെടുക.

അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലേച്ഛ കൂടാതെ, പേരും പ്രശസ്തിയും ആഗ്രഹിച്ച് നൽകുന്ന ധർമങ്ങളെ മിനുസമുള്ള പാറകൾക്കുമുകളിലെ മണ്ണിനോട് ക്വുർആൻ ഉപമിച്ചതായി കാണാം:

"സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞ് കൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ, ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവുചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ അൽപം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറ മേൽ ഒരു കനത്തമഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴിയില്ല. അല്ലാഹു സത്യനിഷേധികളായ ജനതയെ നേർവഴിയിലാക്കുകയില്ല" (2:264).

നല്ലൊരു മഴ പെയ്താൽ ആ മണ്ണ് ഒലിച്ചുപോയി മൊട്ടപ്പാറയായി മാറുന്നു. എന്നാൽ അല്ലാഹുവിന്റെ പ്രീതി മാത്രം ആഗ്രഹിച്ചുള്ള ദാനധർമങ്ങളെ കാറ്റും വെളിച്ചവും ധാരാളമായി ലഭിക്കുന്ന ഉയർന്ന പ്രദേശത്തെ ഒരു തോട്ടത്തിനോടാണ് ക്വുർആൻ ഉപമിച്ചിരിക്കുന്നത്.

"അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ടും തങ്ങളുടെ മനസ്സുകളിൽ (സത്യവിശ്വാസം) ഉറപ്പിച്ചുകൊണ്ടും ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന തോട്ടത്തോടാകുന്നു. അതിന്നൊരു കനത്ത മഴ ലഭിച്ചപ്പോൾ അത് രണ്ടിരട്ടി കായ്കനികൾ നൽകി. ഇനി അതിന്ന് കനത്ത മഴയൊന്നും കിട്ടിയില്ല, ഒരു ചാറൽ മഴയേ ലഭിച്ചുള്ളൂ എങ്കിൽ അതും മതിയാകുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാകുന്നു" (2:265).

ആ തോട്ടത്തിൽ നല്ലൊരു മഴ കിട്ടിയാൽ ഇരട്ടിവിളയുണ്ടാകും, ഒരു ചാറ്റൽമഴ ലഭിച്ചാലും ആ തോട്ടത്തിന്ന് മെച്ചപ്പെട്ട ഉൽപാദനക്ഷമതയുണ്ടാവും. പ്രകടനപരതയും എടുത്തുപറയലും എത്രവലിയ ദാനങ്ങളുടെയും ഫലം, തീക്കാറ്റടിച്ച് നശിച്ച തോട്ടത്തെപ്പോലെ നിഷ്ഫലമാക്കുമെന്നും ക്വുർആൻ വിവരിച്ചിട്ടുണ്ട്.

**പുലർച്ചെ എഴുന്നേൽക്കാൻ കഴിയുന്നില്ല, സമയമില്ല, ശ്രദ്ധകിട്ടുന്നില്ല എന്നിങ്ങനെ ഒഴിവുകഴിവു പറയുന്നവർ ഉറക്കൊഴിച്ച് എത്ര നേരമെങ്കിലും സ്ക്രീനുകൾക്കു മുമ്പിലിരുന്ന് ശ്രദ്ധാപൂർവം കാഴ്ചകൾ കാണാൻ മടികാണിക്കാറില്ല. അപ്രകാരം സന്മാർഗം സ്വീകരിക്കാൻ വിസമ്മതിക്കുന്നവരെ അല്ലാഹു വഴിപിഴവിലാക്കുമ്പോൾ നല്ലതു കേൾക്കുവാനും ചിന്തിക്കുവാനും ചെയ്യുവാനും മനസ്സുവരാത്തവരായി അവർ മാറും. ഈമാനിന്റെ മധുരം ആസ്വദിക്കാൻ അത്തരം ആളുകൾക്ക് കഴിയുകയില്ല.**

### 4. ശ്വാസതടസ്സം നേരിടുന്നവൻ

"ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്‌ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്. അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നത് പോലെ. വിശ്വസിക്കാത്തവരുടെമേൽ അപ്രകാരം അല്ലാഹു ശിക്ഷ ഏർപെടുത്തുന്നു" (6:125).

സന്മാർഗം ലഭിക്കാത്ത മനുഷ്യന്റെ മാനസികാവസ്ഥയാണിവിടെ ഉദാഹരണസഹിതം അല്ലാഹു വിവരിക്കുന്നത്. കുത്തനെ മുകളിലേക്ക് കയറിപ്പോകുന്ന ഒരാൾക്ക് ഉയരം ചെല്ലുന്തോറും ഞെരുക്കം കൂടിക്കൂടിവരുന്നു. ശ്വാസോച്ഛ്വാസത്തിന്ന് ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഹൃദയമിടിപ്പിന്റെ ക്രമം തെറ്റുന്നു. ഇതുപോലെ, അല്ലാഹുവിന്റെ മാർഗത്തിൽ വല്ലതും ചെ



യ്യുക എന്നത് ചിലയാളുകൾക്ക് അസഹനീയമാണ്. കൃത്യമായി സകാത്ത് കൊടുക്കുക ചിലർക്ക് ചിന്തിക്കാൻ പോലും കഴിയുന്നില്ല. എന്നാൽ അനാവശ്യങ്ങൾക്കുവേണ്ടി എത്ര ചെലവാക്കാനും അവർക്ക് മടിയില്ല. അഞ്ചുനേരം ഭക്തിപൂർവം നമസ്കരിക്കുക എന്നത് പലർക്കും ഭാരമാണ്. പുലർച്ചെ എഴുന്നേൽക്കാൻ കഴിയുന്നില്ല, സമയമില്ല, ശ്രദ്ധകിട്ടുന്നില്ല എന്നിങ്ങനെ ഒഴിവുകഴിവു പറയുന്നവർ ഉറക്കൊഴിച്ച് എത്ര നേരമെങ്കിലും സ്ക്രീനുകൾക്കു മുമ്പിലിരുന്ന് ശ്രദ്ധാപൂർവം കാഴ്ചകൾ കാണാൻ മടികാണിക്കാറില്ല. അപ്രകാരം സന്മാർഗം സ്വീകരിക്കാൻ വിസമ്മതിക്കുന്നവരെ അല്ലാഹു വഴിപിഴവിലാക്കുമ്പോൾ നല്ലതു കേൾക്കുവാനും ചിന്തിക്കുവാനും ചെയ്യുവാനും മനസ്സുവരാത്തവരായി അവർ മാറും. ഈമാനിന്റെ മധുരം ആസ്വദിക്കാൻ അത്തരം ആളുകൾക്ക് കഴിയുകയില്ല.

### 5. കിതക്കുന്ന നായ

“നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവ (ദൃഷ്ടാന്തങ്ങൾ) മൂലം അവന്ന് ഉയർച്ച നൽകുമായിരുന്നു. പക്ഷേ, അവൻ ഭൂമിയലേക്ക് (അത് ശാശ്വതമാണെന്ന ഭാവേന) തിരിയുകയും അവന്റെ തന്നിഷ്ടത്തെ പിൻപറ്റുകയുമാണ് ചെയ്തത്. അപ്പോൾ അവന്റെ ഉപമ ഒരു നായയുടെത് പോലെയാകുന്നു. നീ അതിനെ ആക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതിനെ വെറുതെവിട്ടാലും അത് നാവ് തൂക്കിയിടും. അതാണ് നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളിയവരുടെ ഉപമ. അതിനാൽ (അവർക്ക്) ഈ കഥ വിവരിച്ചുകൊടുക്കൂ. അവർ ചിന്തിച്ചെന്ന് വരാം” (7:176).

വേദജ്ഞാനം ലഭിച്ച ഒരു മഹാപണ്ഡിതൻ ഭൗതിക നേട്ടങ്ങൾക്കു പിന്നാലെ പോയി അധാർമികതയിലേക്കും അവിശ്വാസത്തിലേക്കും വഴുതിവീണ സംഭവത്തെക്കുറിച്ചാണ് ഈ ഉപമയെന്ന് വ്യാഖ്യാതാക്കൾ വിവരിച്ചത് കാണാം. ജ്ഞാനവും ബോധവും ലഭിക്കുമ്പോൾ ധാർമികതയുടെ ഉന്നതതലങ്ങളിലേക്ക് ഉയരുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ ഭൗതികതയുടെ നിസ്സാരതാൽപര്യത്തിലേക്ക് തിരിഞ്ഞു സ്വയംനശിച്ച വ്യക്തിയെയാണ് നായയോടുപമിച്ചത്. നായയെ ആക്രമിച്ചോടിച്ചാൽ അതു നാവു തൂക്കിയിട്ട് കിതക്കുന്നത് കാണാം; അറിവും ബോധവുമില്ലാത്തവർ ഭൗതിക സുഖങ്ങൾക്ക് ഓടിക്കിതക്കുന്നത് പോലെ. എന്നാൽ നായയെ ഒന്നും ചെയ്യാതെ, എല്ലാ സുഖസൗകര്യങ്ങളും ഭക്ഷണവും നൽകി ഒരിടത്ത് കെട്ടിയിട്ടാലും അത് കിതക്കുന്നത് കാണാം. അത് പോലെയാവരുത് മനുഷ്യൻ. അറിവും ബോധവുമുള്ളവൻ അതിനനുസരിച്ച് ഉയർന്ന് ധാർമികനിഷ്ഠ പുലർത്തണം. അറിവും ബോധവും ഇല്ലാത്തവരെപ്പോലെയാവരുത്.

### 6. കാലികൾ

“ജിന്നുകളിൽനിന്നും മനുഷ്യരിൽ നിന്നും ധാരാളംപേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്.അവർക്ക് മനസ്സുകളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്. അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്. അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ” (7:179).

ഒരു മൃഗം തിന്നാനും കുടിക്കാനും സുരക്ഷയ്ക്കും ലൈംഗികശമനത്തിന്നും അതിന്റെ ഇന്ദ്രിയശക്തി ഉപയോഗിക്കുന്നു. അതിന്നപ്പുറം മറ്റൊരു സംവേദനശേഷി അവ പ്രകടിപ്പിക്കാറില്ല. ചിലയാളുകളും അതുപോലെയാണ്. യഥേഷ്ടം തിന്നാനും ഉല്ലസിക്കാനും ഭോഗിക്കാനും ജീവിതം എങ്ങനെയെങ്കിലും ആസ്വദിക്കാനും ആവശ്യമായ ബുദ്ധിയും തന്റേടവും സംവേദനക്ഷമതയും അവർ പ്രകടിപ്പിക്കുന്നത് കാണാം. എന്നാൽ ഇതെല്ലാം അനുഗ്രഹിച്ച് നൽകുന്ന സ്രഷ്ടാവിനെപ്പറ്റിയുള്ള ബോധമോ അവന്റെ മാർഗദർശനങ്ങളോ അവർക്കറിയില്ല. മൃഗങ്ങൾ മണ്ണായിത്തീരുമ്പോൾ, മനുഷ്യർക്ക് സ്വർഗം, നരകം എന്നീ രണ്ടു പര്യവസാനങ്ങളുണ്ടെന്ന ബോധം അവർക്കില്ല. അതിനാൽ അവർ മൃഗങ്ങളെക്കാൾ അധമരാണ്. **(തുടരും).**




# മാനസികാരോഗ്യം

ലേഖനം

പ്രൊഫ. കെ.പി സഅദ്
profkpsahad@gmail.com

ഒട്ടനവധി സൃഷ്ടികൾ ഈ പ്രപഞ്ചത്തിലുണ്ട്. എന്നാൽ അവയിലേറ്റവും ഉൽകൃഷ്ട സൃഷ്ടിയാണ് മനുഷ്യൻ. സൃഷ്ടിപ്പുകൊണ്ടും കർമങ്ങൾകൊണ്ടും ഉദാത്ത സൃഷ്ടിയാണ് മലക്കുകൾ. എന്നാൽ പ്രകാശംകൊണ്ട് സൃഷ്ടിക്കപ്പെട്ട മലക്കുകൾക്കില്ലാത്ത, തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം മനുഷ്യന് നൽകപ്പെട്ടിട്ടുണ്ട്. വികാരങ്ങളും ചിന്തകളും സമന്വയിച്ച മനുഷ്യൻ മറ്റു ജീവികളിൽനിന്ന് വ്യതിരിക്തത പുലർത്തുന്നത് അവന് മാത്രം നൽകപ്പെട്ട വിവേചനശക്തികൊണ്ടും അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിക്കാനും ധിക്കരിക്കാനും കഴിവുകൾ നൽകപ്പെട്ടതും കൊണ്ടുമാണ്.

പ്രശ്നങ്ങൾ സഹിക്കുകയും നേരിടുകയും ചെയ്യുന്ന അവസ്ഥയിലാണ് മനുഷ്യന്റെ സൃഷ്ടിപ്പ്. ജനനം മുതൽ മരണംവരെയുള്ള കാലയളവിൽ ഓരോ മനുഷ്യനും വ്യത്യസ്ത രീതിയിലുള്ള പരീക്ഷണങ്ങളെയാണ് നേരിടേണ്ടത്.

മനുഷ്യൻ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന സകല പ്രശ്നങ്ങളും ആപേക്ഷിക സ്വഭാവമുള്ളതാണ്. നിസ്സാര പ്രശ്നങ്ങൾ പോലും ചിലരുടെ മനസ്സിന്റെ താളംതെറ്റിക്കുന്ന പ്രവണത നാം കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ അതിസങ്കീർണമായ പ്രശ്നങ്ങൾക്ക് നടുവിൽ പകച്ചുനിൽക്കാതെ ധൈര്യത്തോടെ അത് നേരിടുന്നവരെയും നാം കാണുന്നുണ്ട്.

കൊറോണ വൈറസ് ബാധ ലോകത്ത് മനുഷ്യജീവിതത്തിന്റെ താളംതന്നെ തെറ്റിച്ചിരിക്കുന്നു. എന്നാൽ ഈ മഹാമാരി കൊണ്ടുവന്ന നന്മകൾ നാം കാണാതെ പോവരുത്. എന്തിനും ഏതിനും ആശുപത്രികൾ കയറിയിറങ്ങുന്ന ദുഷ്പ്രവണതയിൽനിന്ന് ആളുകൾക്ക് മാറ്റം വന്നു. മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന പല രോഗങ്ങളും മാനസികജന്യമാണ് (Psycho somatic) എന്ന കണ്ടെത്തലിനെ സാധൂകരിക്കുന്നതാണ് ഇന്ന് ജനം കാണിക്കുന്ന പ്രതികരണങ്ങൾ.

മാനസിക പിരിമുറുക്കങ്ങൾ തീവ്രമാകുന്ന സാമൂഹ്യപശ്ചാത്തലം നമുക്ക് ചുറ്റുമുണ്ട്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി അതിവേഗം മാറ്റങ്ങൾക്ക് വിധേയമാവുന്ന സമകാലിക ലോകത്ത് നവീന സാങ്കേതിക വിദ്യകളുടെ നടുവിലാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. അത്യാധുനിക സാങ്കേതിക വിദ്യകൾ സമ്മാനിച്ച നന്മകൾ കൂടി നമുക്ക് അവഗണിക്കാൻ കഴിയുകയില്ല.

ഇച്ഛിക്കുന്നത് എന്തും മക്കൾക്കും കുടുംബത്തിനും പ്രാപ്യമാകുന്ന സാമൂഹ്യസാഹചര്യം നിരവധി പ്രശ്നങ്ങൾ കൂടി നമുക്ക് മുന്നിലേക്ക് കൊണ്ടുവരുന്നുണ്ട്.

ഓരോ വിജയവും നിരവധി പരാജയങ്ങളുടെ പിൻതുടർച്ചയാണെന്നും വിജയത്തിലേക്ക് എത്തണമെങ്കിൽ നിരന്തര പരിശ്രമങ്ങളും സമർപ്പണവും ത്യാഗവും അനിവാര്യമാണെന്നുമുള്ള തിരിച്ചറിവ് പുതുതലമുറയിലേക്ക് കൈമാറാൻ സാധിക്കാതെ പോയോ എന്ന ആശങ്ക നമ്മുടെ മുമ്പിലുണ്ട്.

ചെറിയ പരാജയങ്ങൾക്ക് മുമ്പിൽ മനസ്സ് തളർന്നുപോകുന്ന അവസ്ഥ നാം സൃഷ്ടിച്ചെടുത്തതാണ്. വിശുദ്ധ ക്വുർആനിന്റെ അധ്യാപനങ്ങൾ ഓരോ വ്യക്തിയുടെയും സമസ്ത മണ്ഡലങ്ങളിലും പ്രകാശം പരത്തേണ്ടതുണ്ട്. തജ്‌വീദ് (പാരായണ) നിയമങ്ങളോടുകൂടി ക്വുർആൻ പഠനം നടത്തുന്നതോടൊപ്പം നിത്യജീവിതത്തിന്റെ സർവോന്മുഖ പരിഹാരമായി ക്വുർആനിനെ നാം ഉൾക്കൊള്ളേണ്ടതുണ്ട്.

'നിശ്ചയമായും ഞെരുക്കത്തോടുകൂടി ഒരു എളുപ്പം ഉണ്ടായിരിക്കും' എന്ന ക്വുർആൻസൂക്തം വെളിച്ചം വീശുന്നത് ഈ തത്ത്വത്തിലേക്കാണ്. 'ഒരു ഞെരുക്കം രണ്ട് സൗകര്യത്തെ ജയിക്കുകയില്ല തന്നെ' എന്ന പ്രവാചക വചനവും ഇതിനെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

മനസ്സിന്റെ ആരോഗ്യത്തിന് ഇസ്‌ലാം മുന്തിയ പരിഗണന നൽകുന്നുണ്ട്. മനസ്സ് ആരോഗ്യപൂർണമാവണമെങ്കിൽ മനസ്സിനെ മലിനപ്പെടുത്തുന്ന എല്ലാ ദുഷ്ചിന്തകളിൽനിന്നും അതിന് മോചനം ലഭിക്കേണ്ടതുണ്ട്. ഈയടുത്ത് പോണോഗ്രാഫിക്ക് അടിമപ്പെട്ട ഒരു കൗമാരക്കാരൻ ഓൺലൈൻ കൗൺസലിംഗിന് വിധേയനായി. വീട്ടിൽ ഒറ്റപ്പെടുന്ന, അശ്ലീല ചിന്തകളിലേക്ക് സ്വയം എടുത്തെറിയപ്പെടുന്ന സാമൂഹ്യ സാഹചര്യം സൃഷ്ടിക്കപ്പെട്ടു എന്നതും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും മാനസിക, ശാരീരിക പ്രശ്നങ്ങളെക്കുറിച്ചും അറിയാതെ പോയി എന്നതും അശ്ലീല ചിത്രങ്ങൾ നിരന്തരം കാണാനുള്ള ആസക്തി കൗമാരക്കാരനിൽ ഉണ്ടാക്കാൻ പ്രേരണയായിട്ടുണ്ട്. തങ്ങളുടെ സന്താനങ്ങളുടെ വളർച്ചാഘട്ടങ്ങളെക്കുറിച്ചും അത് അവരിൽ ഉണ്ടാക്കുന്ന ശാരീരിക, മാനസിക പരിവർത്തനങ്ങളെക്കുറിച്ചും ശരിയായ അവബോധം ലഭിക്കാത്തതും കൗമാരത്തിലുള്ളവരെ ലഹരിയിലേക്കും കാമാസക്തിയിലേക്കും എത്തിക്കാൻ കാരണമാക്കുന്നുണ്ട്.

> **"എന്റെ മാനസികാരോഗ്യം ഔന്നത്യപൂർണമാക്കാൻ എന്തെല്ലാം മുൻകരുതലുകൾ ഞാൻ സ്വീകരിക്കേണ്ടതുണ്ട് എന്ന് ഓരോ വ്യക്തിയും പഠിപ്പിക്കപ്പെടേണ്ടതുണ്ട്. ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ശരിയായ ധാരണ മാനസികാരോഗ്യത്തിന് മാറ്റുകൂട്ടാൻ സഹായിക്കും. ഈ പ്രപഞ്ചത്തിലേക്ക് കൃത്യമായ ലക്ഷ്യ സാക്ഷാത്കാരത്തിന് നിയോഗിക്കപ്പെട്ടവനാണ് ഞാൻ എന്ന 'സ്വത്വത്തെക്കുറിച്ചുള്ള തിരിച്ചറിവ്' ആദ്യമായി കിട്ടേണ്ടതുണ്ട്. അപ്പോൾ മാത്രമെ നൽകപ്പെട്ട ആരോഗ്യത്തെയും ഒഴിവുസമയത്തെയും ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ."**

എന്റെ മാനസികാരോഗ്യം ഔന്നത്യപൂർണമാക്കാൻ എന്തെല്ലാം മുൻകരുതലുകൾ ഞാൻ സ്വീകരിക്കേണ്ടതുണ്ട് എന്ന് ഓരോ വ്യക്തിയും പഠിപ്പിക്കപ്പെടേണ്ടതുണ്ട്. ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ശരിയായ ധാരണ മാനസികാരോഗ്യത്തിന് മാറ്റുകൂട്ടാൻ സഹായിക്കും. ഈ പ്രപഞ്ചത്തിലേക്ക് കൃത്യമായ ലക്ഷ്യ സാക്ഷാത്കാരത്തിന് നിയോഗിക്കപ്പെട്ടവനാണ് ഞാൻ എന്ന 'സ്വത്വത്തെക്കുറിച്ചുള്ള തിരിച്ചറിവ്' ആദ്യമായി കിട്ടേണ്ടതുണ്ട്. അപ്പോൾ മാത്രമെ നൽകപ്പെട്ട ആരോഗ്യത്തെയും ഒഴിവുസമയത്തെയും ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ.

അല്ലാഹു മനുഷ്യ നിലനിൽപിന്റെ സ്രോതസ്സായി നിശ്ചയിച്ച സമ്പത്ത് വിവേകത്തോടെ കൈകാര്യം ചെയ്യുക എന്നത് അതീവ പ്രാധാന്യമുള്ളതാണ്. ആവശ്യക്കാർ ഉണ്ടായിരിക്കെ പണം പിശുക്കിവെക്കുന്നതും ആവശ്യത്തിന് ഉണ്ടെന്ന് കരുതി മറ്റുള്ളവർക്ക് കൂടി അവകാശപ്പെട്ട ധനം ധൂർത്തടിക്കുന്നതും ഇസ്‌ലാം വിലക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. ഒരാൾക്ക് ആരോഗ്യപരമായ മാനസികാവസ്ഥ കൈവരണമെങ്കിൽ സാമ്പത്തികഅച്ചടക്കം പാലിക്കൽ അനിവാര്യമാണെന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. സമ്പത്തിന്റെ അടിസ്ഥാന ഉടമാവകാശം അല്ലാഹുവിനായതുകൊണ്ട്തന്നെ അത് സമ്പാദിക്കുന്ന വഴികളും ചെലവഴിക്കുന്ന മാർഗങ്ങളും പ്രവാചക അധ്യാപനങ്ങൾ അനുസരിച്ചുകൊണ്ട് തന്നെ വേണം. നിഷിദ്ധ രൂപത്തിൽ സമ്പാദിക്കുന്നതും ചെലവഴിക്കുന്നതും മനസ്സിന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. കാരണം നിഷിദ്ധ പ്രവർത്തനങ്ങളിൽ മുഴുകുന്ന ഏതൊരു വ്യക്തിക്കും നന്നായറിയാം താൻ ചെയ്തുകൂട്ടുന്നതും സമ്പാദിക്കുന്നതും അല്ലാഹു ഒട്ടും ഇഷ്ടപ്പെടാത്ത മാർഗത്തിലാണ് എന്നുള്ളത്. ഹറാമായ രീതിയിൽ പണം സമ്പാദിക്കുന്നവർ തികഞ്ഞ കുറ്റബോധത്തോടുകൂടിയായിരിക്കും ആ കർമം നിർവഹിക്കുന്നത്.

മനസ്സിൽ കുടികൊള്ളുന്ന വെറുപ്പ്, പക, അസൂയ, വിദ്വേഷം തുടങ്ങിയ നിഷേധാത്മകമായ വികാരങ്ങൾ മനസ്സിന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. മനസ്സ് ആരോഗ്യപൂർണമാവണമെങ്കിൽ സംസാരം നന്നാവേണ്ടതുണ്ട്. വളച്ചുകെട്ടും വക്രതയുമില്ലാതെ നേരേചൊവ്വെ അല്ലാഹുവെ സൂക്ഷിച്ച് സംസാരിക്കുന്നതിൽ കൂടി മാത്രമെ നമുക്ക് സ്വസ്ഥത കൈവരിക്കാൻ കഴിയുകയുള്ളൂ. നല്ല വാക്കുകൾ സംസാരിക്കുന്നതിലൂടെ നമ്മുടെ പ്രവർത്തനങ്ങൾ അല്ലാഹു നന്നാക്കിത്തരും, പാപങ്ങൾ അവൻ മാപ്പാക്കി നൽകും എന്നത് ക്വുർആൻ അറിയിക്കുന്ന സന്തോഷവാർത്തയാണ്. പരദൂഷണം പറയുന്നതും, കുറ്റം പറയുന്നതും, വായാടിത്തവും, ചീത്ത പറയുന്നതും, അതിരുകവിഞ്ഞുള്ള വർണനയും ഇസ്‌ലാം വിലക്കുന്ന സംസാരങ്ങളാണ്. 'വർത്തമാനം പറയുമ്പോൾ ആളുകളെ ചിരിപ്പിക്കാൻ വേണ്ടി കളവ് പറയുന്നവർക്ക് നാശം' എന്ന പ്രവാചക അധ്യാപനം സംസാരത്തിൽ നാം സ്വീകരിക്കേണ്ട സൂക്ഷ്മത മാനസിക ഐശ്വര്യവും സന്തോഷവും വർധിപ്പിക്കാൻ സഹായകരമാണ് എന്ന വസ്തുത ബോധ്യപ്പെടുത്തുന്നതാണ്.

കോവിഡ്-19 വ്യാപനം സമൂഹത്തിൽ ഭീതിവളർത്താനും മാനസികാരോഗ്യം ക്ഷയിപ്പിക്കാനും കാരണമായിട്ടുണ്ടെന്ന് കൗൺസലിംഗ് കേസുകൾ സൂചിപ്പിക്കുന്നു. വിശ്വാസികളെന്ന നിലയിൽ ന

**മനസ്സിൽ കുടികൊള്ളുന്ന വെറുപ്പ്, പക, അസൂയ, വിദ്വേഷം തുടങ്ങിയ നിഷേധാത്മകമായ വികാരങ്ങൾ മനസ്സിന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. മനസ്സ് ആരോഗ്യപൂർണമാവണമെങ്കിൽ സംസാരം നന്നാവേണ്ടതുണ്ട്. വളച്ചുകെട്ടും വക്രതയുമില്ലാതെ നേരേചൊവ്വെ അല്ലാഹുവെ സൂക്ഷിച്ച് സംസാരിക്കുന്നതിൽകൂടി മാത്രമെ നമുക്ക് സ്വസ്ഥത കൈവരിക്കാൻ കഴിയുകയുള്ളൂ. നല്ല വാക്കുകൾ സംസാരിക്കുന്നതിലൂടെ നമ്മുടെ പ്രവർത്തനങ്ങൾ അല്ലാഹു നന്നാക്കിത്തരും, പാപങ്ങൾ അവൻ മാപ്പാക്കി നൽകും എന്നത് ക്വുർആൻ അറിയിക്കുന്ന സന്തോഷവാർത്തയാണ്. പരദൂഷണം പറയുന്നതും, കുറ്റം പറയുന്നതും, വായാടിത്തവും, ചീത്ത പറയുന്നതും, അതിരുകവിഞ്ഞുള്ള വർണനയും ഇസ്‌ലാം വിലക്കുന്ന സംസാരങ്ങളാണ്. 'വർത്തമാനം പറയുമ്പോൾ ആളുകളെ ചിരിപ്പിക്കാൻ വേണ്ടി കളവ് പറയുന്നവർക്ക് നാശം' എന്ന പ്രവാചക അധ്യാപനം സംസാരത്തിൽ നാം സ്വീകരിക്കേണ്ട സൂക്ഷ്മത മാനസിക ഐശ്വര്യവും സന്തോഷവും വർധിപ്പിക്കാൻ സഹായകരമാണ് എന്ന വസ്തുത ബോധ്യപ്പെടുത്തുന്നതാണ്.**

മ്മുടെ ശാരീരിക, മാനസികാരോഗ്യത്തിന് നാം മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. ആരോഗ്യവും ശക്തിയുമുള്ള വിശ്വാസിയാണ് ദുർബലനായ വിശ്വാസിയെക്കാൾ അല്ലാഹുവിനിഷ്ടം. അതുകൊണ്ട്തന്നെ ഇന്നത്തെ സാമൂഹ്യ ചുറ്റുപാടിൽ നമ്മുടെ മാനസികാരോഗ്യം വീണ്ടെടുക്കാൻ നാം ഉൾക്കൊള്ളേണ്ട ചില നിർദേശങ്ങൾ നമുക്ക് ചർച്ചചെയ്യാം:

1. മനസ്സിന്റെ ഊർജ്ജസ്വലതയും ആത്മവീര്യവും വർധിപ്പിക്കുന്നതിനായി നിത്യവും ക്വുർആൻ അർഥ സഹിതം പാരായണം ചെയ്യുന്നതിനും പഠനം നടത്തുന്നതിനും മുന്തിയ പരിഗണന നൽകുക.

2. പ്രവാചകൻﷺ പഠിപ്പിച്ച, രാവിലെയും വൈകുന്നേരവും ചൊല്ലേണ്ട ദിക്റുകൾ കൃത്യമായി ചൊല്ലുക. ഒപ്പം പ്രാർഥനകൾ അധികരിപ്പിക്കുക.

3. നേരത്തെ എഴുന്നേൽക്കുകയും രാത്രി നേരത്തെ ഉറങ്ങുകയും ചെയ്യുക. ഇശാഅ് നമസ്കാരത്തിന് ശേഷം വെറുതെ സംസാരിച്ചിരിക്കുന്നത് നബിﷺ ഇഷ്ടപ്പെട്ടിരുന്നില്ല. രാത്രി 9.30നെങ്കിലും ഉറങ്ങാൻ കഴിഞ്ഞാൽ രാവിലെ 4 മണിക്ക് എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കാൻ ഒരു പ്രയാസവും ഉണ്ടാവുകയില്ല. പ്രഭാത നമസ്കാരവും ക്വുർആൻ പാരായണവും ഏറെ മനസ്സാന്നിധ്യം നൽകുന്ന കർമ്മങ്ങളാണെന്നറിയുക.

4. ശരീരത്തിനാവശ്യമായ സമീകൃത പോഷകാഹാരങ്ങൾ കഴിക്കുക. ശരിയായ ഭക്ഷണവും വിശ്രമവും നമ്മുടെ മാനസികാവസ്ഥയെയും വികാരങ്ങളെയും സമചിത്തതയോടെ കൈകാര്യം ചെയ്യുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്.

5. ശരീരത്തിന് ഹാനികരമായ പുകവലി, മദ്യപാനം, ലഹരി എന്നിവ പൂർണമായി വർജിക്കുക. മദ്യപാനവും ലഹരിയും മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഉൽപന്നങ്ങളാണെന്ന് തിരിച്ചറിയുക. നിരന്തര മദ്യപാനം തലച്ചോറിൽ Thiamineന്റെ അപര്യാപ്തത ഉണ്ടാക്കുന്നതും ഓർമക്കുറവ്, നേത്ര വൈകല്യം, മാനസികാസ്വാസ്ഥ്യം, ചലന പ്രശ്നങ്ങൾ എന്നിവയിലേക്ക് എത്തിക്കുകയും ചെയ്യും.

6. ശരിയായ അളവിൽ നമ്മുടെ ശരീരത്തിൽ സൂര്യപ്രകാശം കിട്ടേണ്ടതുണ്ട്. എങ്കിൽ മാത്രമെ ശരീരത്തിൽ Vitamin D ഉണ്ടാവുകയുള്ളൂ. മനസ്സിന്റെ 'മൂഡു'കളെ നിയന്ത്രിക്കുന്ന Endorphins Serotonin തുടങ്ങിയ Chemicals തുലനാവസ്ഥയിൽ എത്തണമെങ്കിൽ ശരിരത്തിൽ വേണ്ട അളവിൽ സൂര്യപ്രകാശം കിട്ടേണ്ടതുണ്ട്. 1/2 മണിക്കൂർ തൊട്ട് 2 മണിക്കൂർ വരെ നമ്മുടെ ശരിരത്തിന് നിർബന്ധമായും കിട്ടേണ്ട ഒന്നാണ് സൂര്യപ്രകാശം എന്ന് പലർക്കും അറിയില്ല.




7. മാനസികാരോഗ്യം വീണ്ടെടുക്കണമെങ്കിൽ നാം മാനസിക പിരിമുറുക്കം ലഘൂകരിക്കേണ്ടതുണ്ട്. നാം ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങൾ, ജോലികൾ, ബാധ്യതകൾ മുമ്പുള്ളതിനെക്കാൾ നമ്മിൽ Stress ഉണ്ടാക്കുന്നുണ്ട്. Sharing Caring and Listening (പങ്കുവെക്കുക, പരിഗണിക്കുക, തുറന്ന് കേൾക്കുക)- ഇതിലൂടെ ഒരു പരിധിവരെ Stress ഇല്ലാതാക്കാൻ കഴിയും.

ഉറ്റ സുഹൃത്തുക്കളോടോ, ഭാര്യയോടോ ഭർത്താവിനോടോ മനസ്സിലെ നൊമ്പരങ്ങളും ആകുലതകളും പങ്കുവെക്കുക, അതിന് തയ്യാറാവുക എന്നതാണ് പരിഹാരം. അതിലുപരി സ്രഷ്ടാവായ, അത്യുദാരനായ അല്ലാഹുവുമായി സുദൃഢബന്ധം സ്ഥാപിക്കുക എന്നതും അവനോട് എല്ലാം പറയുക എന്നതും ടെൻഷൻ കുറക്കാൻ പറ്റുന്ന ഏറ്റവും നല്ല മാർഗമാണ്.

8. അലസതയിൽനിന്ന് മോചനം നേടുക, കർമങ്ങളിൽ വ്യാപൃതരാവുക.

മനസ്സ് ആരോഗ്യപൂർണമാവണമെങ്കിൽ നബിﷺയുടെ അധ്യാപനം ഉൾക്കൊള്ളേണ്ടത് അനിവാര്യമാണ്. നബിﷺ പറഞ്ഞു: 'രണ്ട് അനുഗ്രഹങ്ങൾ; അവയിൽ മിക്ക മനുഷ്യരും നഷ്ടം ബാധിക്കുന്നവരാണ്. ആരോഗ്യവും ഒഴിവു സമയവും (ആണ് അവ)' (ബുഖാരി).

ഒഴിവുസമയം കിട്ടിയാൽ അധ്വാനിക്കണം എന്നത് ക്വുർആനിന്റെ അധ്യാപനമാണ്. കാര്യങ്ങൾ അലസതയില്ലാതെ നിർവഹിക്കണമെങ്കിൽ വേണ്ടത് അല്ലാഹുവിന്റെ സഹായമാണ്. കാര്യങ്ങളുടെ പര്യവസാനം നന്നായിത്തീരാൻ വേണ്ടിയും അലസതയിൽനിന്ന് മോചനം കിട്ടാൻവേണ്ടിയും നിരന്തരം പ്രാർഥിക്കേണ്ടതുണ്ട്.

> **അല്ലാഹു മനുഷ്യ നിലനിൽപിന്റെ സ്രോതസ്സായി നിശ്ചയിച്ച സമ്പത്ത് വിവേകത്തോടെ കൈകാര്യം ചെയ്യുക എന്നത് അതീവ പ്രാധാന്യമുള്ളതാണ്. ഒരാൾക്ക് ആരോഗ്യപരമായ മാനസികാവസ്ഥ കൈവരണമെങ്കിൽ സാമ്പത്തികഅച്ചടക്കം പാലിക്കൽ അനിവാര്യമാണെന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. സമ്പത്തിന്റെ അടിസ്ഥാന ഉടമാവകാശം അല്ലാഹുവിനായതുകൊണ്ട്തന്നെ അത് സമ്പാദിക്കുന്ന വഴികളും ചെലവഴിക്കുന്ന മാർഗങ്ങളും പ്രവാചക അധ്യാപനങ്ങൾ അനുസരിച്ചുകൊണ്ട് തന്നെ വേണം. നിഷിദ്ധ രൂപത്തിൽ സമ്പാദിക്കുന്നതും ചെലവഴിക്കുന്നതും മനസ്സിന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. കാരണം നിഷിദ്ധ പ്രവർത്തനങ്ങളിൽ മുഴുകുന്ന ഏതൊരു വ്യക്തിക്കും നന്നായറിയാം താൻ ചെയ്തുകൂട്ടുന്നതും സമ്പാദിക്കുന്നതും അല്ലാഹു ഒട്ടും ഇഷ്ടപ്പെടാത്ത മാർഗത്തിലാണ് എന്നുള്ളത്. ഹറാമായ രീതിയിൽ പണം സമ്പാദിക്കുന്നവർ തികഞ്ഞ കുറ്റബോധത്തോടുകൂടിയായിരിക്കും ആ കർമം നിർവഹിക്കുന്നത്.**

9. വ്യായാമങ്ങൾ മാനസികാരോഗ്യം വീണ്ടെടുക്കാൻ സഹായിക്കും: ഫുട്ബോൾ, ഷട്ടിൽ, നീന്തൽ നടത്തം തുടങ്ങിയവ.

10. മറ്റുള്ളവരെ സഹായിക്കാൻ സമയം കണ്ടെത്തുക.

11. സാമൂഹ്യ ബന്ധങ്ങൾ മനസ്സിന് കൂടുതൽ ഉന്മേഷവും ഊർജവും പകരുന്നതാണ്. കുടുംബ ബന്ധം ചേർക്കുന്നത് ഏറ്റവും പുണ്യകരവും മാനസികാരോഗ്യം നിലനിർത്തുന്നതുമായ കാര്യമാണ്.

അയൽപക്കബന്ധം നന്നാക്കുക, രോഗികളെ സന്ദർശിക്കുക; പ്രാർഥിക്കുക, സഹായിക്കുക, പരിചരിക്കുക; മയ്യിത്തിനെ അനുഗമിക്കുക, വിധവകൾ, അനാഥകൾ, അശരണർ എന്നിവരെ സഹായിക്കുക. അല്ലാഹുവിന്റെ തൃപ്തി മാത്രം ലക്ഷ്യമാക്കി അന്നദാനം നടത്തുക. പൊതുനന്മകളിലും കാരുണ്യ പ്രവർത്തനങ്ങളിലും പങ്കാളിയാവുക.

പ്രത്യേക പരിഗണനയും പരിചരണവും ആവശ്യമുള്ള വൃദ്ധരെയും വൈകല്യമുള്ളവരെയും നിരാലംബരെയും സഹായിക്കുക എന്നത് ആത്മവിശ്വാസം വർധിപ്പിക്കുന്ന, മാനസികാരോഗ്യം ഉയർത്തുന്ന കർമമാണ്.

12. അല്ലാഹു നൽകിക്കൊണ്ടിരിക്കുന്ന അസംഖ്യം അനുഗ്രഹങ്ങൾ എടുത്തുപറയുക എന്നതും അല്ലാഹുവോട് നന്ദികാണിക്കുക എന്നതും മനസ്സിന് കുളിർമയും സംതൃപ്തിയും നൽകുന്നതാണ്.

13. ദാനധർമങ്ങൾ, സകാത്ത്; ഇവ രണ്ടും മനസ്സിന്റെ നന്മയുടെ പ്രതീകങ്ങളാണ്. താൻ സമ്പാദിച്ചുണ്ടാക്കിയ സമ്പത്തിന്റെ ശുദ്ധീകരണവും അർഹതപ്പെട്ടവരുടെ അവകാശവുമാണ് സകാത്ത്. നിശ്ചയിക്കപ്പെട്ടവരിലേക്ക് അത് എത്തുന്നത് മുഖേന, നൽകുന്ന വ്യക്തിയെ സംബന്ധിച്ചേടുത്തോളം അത് ആത്മസായൂജ്യത്തിന് വകനൽകുന്നതും മാനസികാരോഗ്യം വളർത്തുന്നതുമാണ്.

14. നമുക്ക് അല്ലാഹു നൽകിയ അഭിരുചിയും കഴിവുകളും വ്യത്യസ്തമാണ്. അവ ഏതെന്ന് കണ്ടെത്തി പ്രയോജനപ്പെടുത്തുക എന്നതാണ് അതിപ്രധാനം. ഇതും മാനസികാരോഗ്യത്തിന് മാറ്റുകൂട്ടും. എന്നാൽ അല്ലാഹു അനുവദിച്ച നിയമപരിധികൾ മനസ്സിലാക്കിവേണം ഓരോ വ്യക്തിയും തനിക്ക് നൽകപ്പെട്ട കഴിവുകളെ പ്രയോജനപ്പെടുത്താൻ എന്നത് പ്രധാനമാണ്.

15. എനിക്ക് വിധിക്കപ്പെട്ടതെല്ലാം എന്റെ കാരുണ്യവാനായ അല്ലാഹു നൽകുന്ന നന്മയാണെന്ന് തിരിച്ചറിയാനും വിധിയിൽ സംതൃപ്തിപ്പെടാനും കഴിയുക എന്നത് വിശ്വാസിക്ക് മാത്രം അല്ലാഹു നൽകുന്ന പാരിതോഷികമാണ്.

അബൂ ഹംദാൻ ആലത്തിയൂർ
omarshareefpv@gmail.com

ലേഖനം

അനാഥരെ സനാഥരാക്കിയ യതീംഖാന പ്രസ്ഥാനം 2



# യതീംഖാനകൾ; നാളെയുടെ ഭാവി?

യതീംഖാനകൾ; അല്ലാഹുവിന്റെ തൃപ്തിയും സമുദായത്തിന്റെ നന്മയും മാത്രം ലക്ഷ്യമാക്കി തുടക്കം കുറിച്ച മഹാസ്ഥാപനങ്ങൾ. ത്യാഗിവര്യൻമാരായ നമ്മുടെ മുൻകാല പണ്ഡിതരും നേതാക്കളും നമ്മെ ഏൽപിച്ച അമാനത്തുകളാണ് ഈ സ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങൾക്കുവേണ്ടി കോടികൾ വിലമതിക്കുന്ന സ്വത്തുക്കൾ വക്ഫുചെയ്ത സാത്വികരായ മനുഷ്യരോട് എങ്ങനെ നീതികാണിക്കാം എന്നായിരിക്കട്ടെ നമ്മുടെ ചിന്ത. കൊറോണക്ക് ശേഷമുള്ള നവലോകക്രമത്തിൽ ഈ മഹത്സംരംഭത്തെ സ്ഥാപന ലക്ഷ്യത്തോടു നീതിപുലർത്തിക്കൊണ്ട്, സമൂഹത്തിലെ പ്രയാസമനുഭവിക്കുന്ന മുഴുവൻ മനുഷ്യമക്കൾക്കും സാന്ത്വനമേകുന്ന കേന്ദ്രങ്ങളായി എങ്ങനെ പരിവർത്തിപ്പിച്ചെടുക്കാം എന്ന ചിന്തയാണ് ഉയർന്നുവരേണ്ടത്. എന്നും കേരള സമൂഹത്തിന് ദിശാബോധം നൽകിയ ഇസ്‌ലാഹി പ്രസ്ഥാനം ഈ രംഗത്തും പ്രാമാണികവും പ്രായോഗികവുമായ പരിഹാരങ്ങളുമായി മാതൃക സൃഷ്ടിക്കേണ്ടതുണ്ട്.

ഇടത്തരക്കാരും, ഗവണ്മെന്റ് ജോലിക്കാരുമെല്ലാം മക്കളുടെ ഉന്നത പഠനത്തിന് വിദ്യാഭ്യാസലോണിന് പിന്നാലെ ഓടേണ്ട സാഹചര്യത്തിൽ ഉന്നത പഠനത്തിന് കിടപ്പാടം പോലും ഇല്ലാത്ത അനാഥ കുടുംബങ്ങൾ എന്ത് ചെയ്യുമെന്ന് പകച്ചുനിൽക്കുന്ന

കാലഘട്ടത്തിലാണ് നാം. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി 'മൂന്ന് നേരം ഭക്ഷണം' എന്ന പ്രാഥമിക ലക്ഷ്യം മാറി അനാഥമക്കൾക്ക് 'മൂന്ന് കൊല്ലത്തെ ഫീസ്' എന്നായി മാറിയിരിക്കുന്നു! ഇനിയും പുതിയ യതീംഖാനകൾക്കുള്ള സ്ഥലവും ബിൽഡിങ്ങും ഉണ്ടാക്കുന്നതിന് പകരം, ഈ വിദ്യാർഥികളുടെ ഉന്നത പഠനത്തിന് സഹായകരമായ സംവിധാനങ്ങൾക്കാണ് സമുദായ സംഘടനകൾ പ്രാമുഖ്യം നൽകേണ്ടത്. ഈ രംഗത്ത് നമ്മുടെ സാമ്പ്രദായിക യതീം സംരക്ഷണം-യതീംഖാനയിലെ കുട്ടികൾക്ക് ഒരു ദിവസത്തെ ഭക്ഷണം, വീട്ടിലെ കല്യാണത്തിന് അവർക്ക് ബിരിയാണി- തുടങ്ങിയ രീതികളിൽനിന്ന് മാറി അവർക്ക് വെല്ലുവിളി നേരിടുന്ന ഉന്നതപഠനം പോലുള്ള രംഗങ്ങളിലാണ് നാം സഹായിക്കേണ്ടത് എന്ന് സമുദായത്തെ ഉൽബുദ്ധരാക്കേണ്ട ബാധ്യത പണ്ഡിതർക്കും നേതാക്കൾക്കുമാണ്. അവരെ സ്വന്തം കാലിൽ നിലക്കാൻ പ്രാപ്തരാക്കുന്ന; അവരുടെ കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദമായ ഉന്നത വിദ്യാഭ്യാസം സമുദായത്തിന്റെ ബാധ്യതയാണ് എന്ന് നാം തിരിച്ചറിയണം.

77 വർഷങ്ങൾക്കു മുമ്പ് സ്ഥാപിതമായ തിരൂരങ്ങാടി യതീംഖാന കാമ്പസ് സന്ദർശിക്കുന്ന ഏതൊരു ആധുനിക ആർക്കിടെക്ചർ വിദ്യാർഥിയെയും ആശ്ചര്യപ്പെടുത്തുന്നതാണ് അതിന്റെ നിർമിതി. കേരളീയ പൊതുസമൂഹം ആർക്കിടെക്ചർ എന്ന വാക്ക് കേൾക്കുകപോലും ചെയ്യാത്ത ആ കാലത്ത് മദ്രാസിൽ നിന്ന് ഒരു ആർക്കിടെക്റ്റിനെ കൊണ്ടുവന്ന് ഡിസൈൻ ചെയ്തതാണ് എന്ന സത്യം നമ്മിൽ എത്ര പേർക്ക് അറിയാം? ഇന്നും ആർക്കിടെക്ച്ചറൽ വിദ്യാർഥികൾക്ക് ക്യാമ്പസ് പ്ലാനിങ്ങിന്റെ ഉന്നതമാതൃക പഠിക്കാനും പകർത്താനും ഉള്ള ഒരു ചരിത്രനിർമിതിയാണിത്. നമ്മുടെ പൂർവികർ യതീംഖാനകളുടെ കാര്യത്തിൽ എത്രമാത്രം ദീർഘവീക്ഷണത്തോടെയാണ് ഇടപെട്ടിരുന്നത് എന്നാണ് ഇത് നമുക്ക് നൽകുന്ന പാഠം. അനാഥമക്കൾക്ക് നൽകുന്ന സൗകര്യങ്ങൾ നമുക്ക് ലഭ്യമായതിൽ ഏറ്റവും ഉന്നതവും പ്രയോജനപ്രദവും ആയിരിക്കണം എന്ന ഉന്നത സന്ദേശമാണ് ഇതിലൂടെ എം.കെ ഹാജിയെന്ന മഹാമനീഷി നമുക്ക് നൽകുന്ന പാഠം.

ഈ പരിപ്രേക്ഷ്യത്തിൽ, വരാനിരിക്കുന്ന കാലഘട്ടത്തിൽ നമുക്ക് ഈ സ്ഥാപനങ്ങളോട് എത്രമാത്രം നീതിപുലർത്താൻ സാധിക്കും എന്ന് കൂലങ്കഷമായി ചിന്തിക്കേണ്ടതുണ്ട്. സമകാലിക ലോകത്ത് ലഭ്യമായ ഏറ്റവും ഉന്നതവും കാര്യക്ഷമവുമായ മത-ഭൗതിക വിദ്യാഭ്യാസവും, ഏറ്റവും നല്ല ഒരു മനുഷ്യനായി തീരാവുന്ന വിധത്തിലുള്ള സാമൂഹിക, സാംസ്കാരിക, മാനസിക പരിശീലനവും നൽകാൻ നമുക്ക് സാധിക്കുന്നുണ്ടോ? അതല്ല; യതീംഖാനയല്ലേ, ഇതൊക്കെത്തന്നെ ധാരാളം എന്നാണോ നമ്മുടെ കാഴ്ചപ്പാട്? ഒരു സ്ഥാപനം വർഷങ്ങളായി നടന്നുകൊണ്ടിരിക്കുമ്പോൾ, പുതിയ കാലഘട്ടത്തിലും സാഹചര്യങ്ങളിലും പുതിയ വെല്ലുവിളികൾ വരുമ്പോൾ ഇന്നലെവരെ എങ്ങനെയായിരുന്നോ ആ മിനിമം നിലവാരത്തിലെങ്കിലും നടത്തിക്കൊണ്ട് പോകണം എന്ന് പരിമിതപ്പെടുന്നതിനാണ് സ്ഥാപനവത്കരണം എന്ന് പറയുന്നത്. ഇന്നലെവരെ നൽകിയതിന് കൂടെ അധികമായി നമുക്ക് എന്ത് നൽകാൻ സാധിക്കും എന്ന ചിന്തയിൽ നിന്നാണ് 'വാല്യൂ അഡിക്ഷൻ' എന്ന പ്രക്രിയ ഉണ്ടാകുന്നത്. അത്തരം വാല്യൂ അഡിക്ഷൻ നമ്മുടെ സ്ഥാപനങ്ങളിൽ എത്രമാത്രം നടക്കുന്നു, ഭൗതിക സാഹചര്യത്തിലെ ഉന്നമനത്തെക്കാൾ, വിദ്യാർഥികളുടെ പഠന, പരിശീലന രംഗത്ത് എന്ത് മാറ്റം ഉണ്ടാക്കാൻ സാധിക്കും എന്നായിരിക്കട്ടെ നമ്മുടെ ചിന്തകൾ

## ഭാവിയിലേക്ക് ചില നിർദേശങ്ങൾ

ഈ രംഗത്തുള്ള സ്ഥാപങ്ങൾ ഓരോവർഷവും വർധിച്ചുവരുന്നു, പഴയ സ്ഥാപനങ്ങൾ സ്ഥാപനവത്കരിക്കപ്പെടുന്നു, പല സ്ഥാപനങ്ങൾക്കും വേണ്ടത്ര ഗുണഭോക്താക്കളെ കേരളത്തിൽ നിന്ന് ലഭിക്കാതെ വരികയും ഇതര സംസ്ഥാനങ്ങളിലെ അർഹരായ അനാഥരെ പരിഗണിക്കേണ്ടിവരികയോ, കണ്ടെത്തേണ്ടിവരികയോ ചെയ്യുന്നു. ആയിരവും അഞ്ഞൂറും കുട്ടികൾ പഠിച്ചിരുന്ന പഴയ മഹത്തായ സ്ഥാപനങ്ങൾ ഇന്ന് നൂറോ ഇരുന്നൂറോ ആയി ചുരുങ്ങിയിരിക്കുന്നു എന്നത് ഒരു സത്യമാണ്, കണക്കുകൾ അതാണ് സൂചിപ്പിക്കുന്നത്. 2019ലെ കേരളസർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ കണക്കുകൾ അനുസരിച്ച്, അംഗീകരിച്ച കുട്ടികളുടെ എണ്ണം 60618 ആണ്. നിലവിലുള്ള കുട്ടികളുടെ എണ്ണം 35986. (41 % കുറവ്). ഈ എണ്ണംതന്നെ ഇതര സംസ്ഥാന പഠിതാക്കളുടെ എണ്ണം കൂടി ചേർത്തതാണ് എന്ന് തിരിച്ചറിയണം. 2004ൽനിന്ന് 2014ൽ എത്തിയപ്പോൾ സ്ഥാപനങ്ങളുടെ എണ്ണം 60% (551-883) വളർന്നപ്പോൾ പഠിതാക്കളുടെ എണ്ണം 6% (34005-35986) മാത്രമാണ് എന്ന് നാം ഇതിനോട് ചേർത്തുവായിക്കണം.

സമകാലിക സമൂഹത്തിൽ അനാഥകളായ മക്ക

ളുടെ ആവശ്യങ്ങൾ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. മുമ്പ് വിശപ്പടക്കാൻ മൂന്നുനേരത്തെ കഞ്ഞിക്കായിരുന്നു പ്രാഥമിക പരിഗണന. ഇന്ന് രണ്ടു രൂപക്ക് സർക്കാർ സംവിധാങ്ങൾ തന്നെ അരി വിതരണം ചെയ്യുന്നു, എല്ലാ പഞ്ചായത്തിലും പ്ലസ്ടു വരെ പഠിക്കാവുന്ന സർക്കാർ സ്കൂളുകൾ എന്നിവ സമൂഹത്തിലെ സാധാരണക്കാർക്ക് വലിയ ആശ്വാസം തന്നെയാണ്. ഏതൊരു മാതാവിനും സ്വന്തം കുട്ടിയെ തന്റെ കൂടെ വളർത്തുക എന്നത് മാതൃത്വത്തിന്റെ വികാരമാണ്. അൽപം ബുദ്ധിമുട്ടിയാലും തന്റെ കുഞ്ഞിന്റെ അനാഥാലയത്തിൽ അയക്കാതെ വീട്ടിൽ തന്നെ വളർത്താൻ അവർ ആഗ്രഹിക്കുന്നു. ഇന്നത്തെ കാലത്ത് ഇതിന് കൂടുതൽ സാഹചര്യം ഉണ്ടുതാനും. സമുദായ നേതൃത്വവും ഇതിനെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത് എന്നാണ് എന്റെ പക്ഷം. വിവിധ മുസ്‌ലിം മത-രാഷ്ട്രീയ സംഘടനകൾ, സേവന സന്നദ്ധ കൂട്ടായ്മകൾ, മുസ്‌ലിം എൻ.ജി.ഒകൾ തന്നെ ഇത്തരം ഓർഫൻ കെയർ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മാസംതോറും കുട്ടിക്ക് വേണ്ട അത്യാവശ്യ സംഖ്യ വീട്ടിൽ എത്തിച്ച് നൽകുന്ന (കൂപ്പൺ ആയും, അവശ്യസാധനങ്ങൾ, പഠനാവശ്യങ്ങൾ മുതലായവ) രൂപം നമുക്ക് കാണാൻ സാധിക്കും.

നമ്മുടെ നാടുകളിലെ ലഹരി, കള്ളപ്പണ മാഫിയകൾ പോലുള്ള പല സമൂഹവിരുദ്ധ പ്രവർത്തനങ്ങൾക്കും പിന്നിലെ കറുത്ത ശക്തികൾ കൂടുതൽ ഇരകളാക്കുന്നത് അനാഥരെയും പ്രവാസികളുടെ മക്കളെയും രക്ഷിക്കാനും ശിക്ഷിക്കാനും പിതാക്കൾ കൂടെയില്ലാത്ത മക്കളെയുമാണ് എന്നതാണ് സത്യം. ഈ രംഗത്തും സമുദായത്തിന് ചില ബാധ്യതകൾ ഉണ്ട്. ഈ മക്കൾ സ്വന്തം വീട്ടിൽ ആണെങ്കിലും കൗമാരം എത്തുന്നതോടെ ഉമ്മമാരുടെ നിയന്ത്രണങ്ങളിൽനിന്ന് അടർത്തിമാറ്റപ്പെട്ട് ഇത്തരം സമൂഹവിരുദ്ധരുടെ കയ്യിലെ കളിപ്പാവകൾ ആകുന്ന ദുരന്തങ്ങൾ ഒഴിവാക്കപ്പെടണം. മുൻകാലങ്ങളിൽ ഇത്തരം ദുശ്ശക്തികൾക്ക് എത്തിപ്പെടാൻ സാധിക്കാത്ത രൂപത്തിൽ ഇത്തരം കുട്ടികൾ യതീംഖാനകളിൽ സുരക്ഷിതരായിരുന്നു. ഇന്ന് അവർ അവരുടെ വീടുകളിലാണെങ്കിലും അവരുടെ 'മെൻറ്റർ' എന്ന സ്ഥാനം ഓരോ മഹല്ലിനും ഇസ്‌ലാമിക സംഘടനകൾക്കും ഉണ്ട് എന്ന് നാം സമൂഹത്തെ ബോധ്യപ്പെടുത്തണം.

മുൻകാലങ്ങളിലെ റെസിഡൻഷ്യൽ/ബോർഡിംഗ് സൗകര്യത്തോടെയുള്ള യതീംഖാന എന്നത് വരും കാലങ്ങളിൽ, ഇന്ന് നിലവിലുള്ള പ്രവർത്തന ശൈലിയിൽ എത്രമാത്രം സ്വീകാര്യമാവും എന്നത് വിലയിരുത്തപ്പെടണം. യതീംഖാനകളുടെ ഭക്ഷണ രംഗത്ത് വലിയ പുരോഗതി ഉണ്ടായിട്ടുണ്ട് എന്നതാണ് സത്യം. നമ്മുടെ സമൂഹത്തിലെ സഹൃദയരായ മനുഷ്യരുടെ കനിവാർന്ന ഇടപെടലുകൾ മൂലം പോഷക സമൃദ്ധമായ, സ്വാദിഷ്ഠമായ സദ്യകളാണ് എന്നും. പക്ഷേ, മറ്റു പല മേഖലകളിലും ഇത്തരം മാറ്റങ്ങൾ ഉണ്ടായിട്ടില്ല എന്ന് കാണാം; പ്രത്യേകിച്ച് അനാഥമക്കളുടെ മാനസിക വളർച്ച, വ്യക്തിത്വ വികസനം, സാമൂഹിക ബോധം, മതബോധം തുടങ്ങിയവ വളർത്തിക്കൊണ്ടുവരാൻ ഉതകുന്ന എന്ത് വാല്യൂ അഡിഷൻ ആണ് ഉണ്ടായിട്ടുള്ളത് എന്ന് വിലയിരുത്തണം. നമ്മുടെ വിദ്യാഭ്യാസ-മാനേജ്മെന്റ് രംഗത്തു വന്ന പഠനങ്ങളും ഗവേഷണങ്ങളും അതിനെ തുടർന്ന് അതത് മേഖലകളിൽ ഉണ്ടായ പരിവർത്തനങ്ങളും നാം എത്രമാത്രം നമ്മുടെ യതീംഖാനകളിൽ പ്രായോഗികമാക്കി?

ഇത്തരം മഹത്തായ സ്ഥാപനങ്ങൾ ദീർഘവീക്ഷണത്തോടെ ആസൂത്രണം ചെയ്താൽ വരുംതലമുറകൾക്കും കൂടി പ്രയോജനപ്രദമായ രൂപത്തിൽ അനാഥകളുടെയും സമൂഹത്തിലെ അശരണരും അഗതികളുടെയും വിളക്കുമാടമായി നിലനിർത്താൻ സാധിക്കും. സമകാലികസമൂഹത്തിന് ഉപകാരപ്രദമായ രൂപത്തിലുള്ള ക്രിയാത്മകമായ പരിവർത്തങ്ങൾക്ക് തുടക്കം കുറിക്കേണ്ട സമയം അതിക്രമിച്ചുവോ എന്ന് നാം വിചിന്തനം നടത്തേണ്ടതുണ്ട്. ഈ രംഗത്ത് ലോകത്ത് ഇതര രാജ്യങ്ങളിൽ പ്രായോഗികമായി നടന്നുകൊണ്ടിരിക്കുന്ന ക്ഷേമപ്രവർത്തങ്ങളുടെ വായിച്ചറിഞ്ഞ വെളിച്ചത്തിൽ ചില നിർദേശങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുകയാണ്:

1. മാനേജ്മെന്റ്, സാമൂഹികശാസ്ത്ര, വിദ്യാഭ്യാസ, ഇസ്‌ലാമിക മതവിജ്ഞാന രംഗത്ത് പ്രഗത്ഭരായ പ്രതിഭകളെ ഉൾപ്പെടുത്തി പരിഷ്ക്കരണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. ഇത്തരം കമ്മിറ്റികൾ കേവല സംഘടനാഗ്രൂപ്പ് മാനദണ്ഡങ്ങൾക്ക് അതീതമായി പ്രാഗൽഭ്യവും സന്നദ്ധതയും അടിസ്ഥാനമാക്കി ആയിരിക്കുക

2. ഈ രംഗത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും പുതിയ കാലത്തിന്റെ ആവശ്യങ്ങളും എന്നിവയെ അടിസ്ഥാനമാക്കി വാല്യൂ അഡിഷൻ നടപ്പിലാക്കി പുതിയ മോഡലുകൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

3. ഇന്ന് ഈ രംഗത്ത് ഓരോ സ്ഥാപനത്തിനും ലഭ്യമായ ഇൻഫ്രാ സ്ട്രക്ച്ചർ (അടിസ്ഥാന സൗകര്യങ്ങൾ) ഹ്യൂമൻ റിസോഴ്സ് (മാനവ വിഭവശേഷി) എത്രമാത്രം ഉപയോഗപ്പെടുത്തപ്പെടുന്നു, നിലവാരം വിലയിരുത്തുന്ന 'ക്വാളിറ്റി ഓഡിറ്റിംഗ്' നടപ്പിലാക്കേണ്ടതുണ്ട്

4. റസിഡൻഷ്യൽ സംവിധാനത്തിലുള്ള പഠനത്തിന് കുട്ടികൾ കുറയുന്ന സാഹചര്യത്തിൽ 'ഡെ സ്കോളർ' സംവിധാനം മദ്റസ/സ്കൂൾ/റ്റ്യൂഷൻ, പ്രാതൽ, ഉച്ചഭക്ഷണം എന്നിവ നൽകുന്ന പ്രൊജക്റ്റ് നടപ്പിലാക്കുക. (മികച്ച അക്കാദമിക, പഠനനിലവാരം ഈ സ്കൂളുകളിൽ ഉറപ്പ് വരുത്തുക)

5. സംസ്ഥാനത്ത് ഉടനീളമുള്ള അനാഥകൾക്ക് പങ്കെടുക്കാൻ സാധിക്കുന്ന രൂപത്തിൽ (അക്കാദമിക് നിലവാരം അനുസരിച്ച്) Orphan Mentoring Academy സ്ഥാപിച്ച് Week End / Monthly വ്യക്തിത്വ വികസനം, മത്സരപരീക്ഷല പരിശീലനം, സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയ മേഖലകളിൽ ഉന്നത പരിശീലനം നൽകുക.

6. അനാഥകളുടെ അമ്മമാർക്ക് കുടിൽവ്യവസായ രൂപത്തിലുള്ള കൈത്തൊഴിൽ പരിശീലനം നൽകുക. അനാഥാലയങ്ങൾക്ക് വേണ്ട യൂണിഫോം, നോട്ടുബുക്ക്, അച്ചാറുകൾ തുടങ്ങിയവ ഉദാഹരണം. അവയുടെ ക്വാളിറ്റി ഉറപ്പ് വരുത്തി, നല്ല റോ മെറ്റീരിയൽസ് നൽകിയാൽ യതീംഖാനയുടെ പ്രോഡക്റ്റ് എന്ന നിലയിലും യതീം കുടുംബങ്ങളുടെ സംരക്ഷണം എന്ന തിന്നാലും സമൂഹം അത് രണ്ടുകയ്യും നീട്ടി സ്വീകരിക്കും.

7. യതീംകുട്ടികൾക്ക് മാത്രമായി സംസ്ഥാനതലത്തിൽ/ജില്ലാ തലത്തിൽ പി.എസ്.സി കോച്ചിങ് നൽകുക. പ്രധാനപ്പെട്ട പരീക്ഷകൾക്ക് ഒന്നോ രണ്ടോ മാസം റെസിഡൻഷ്യൽ സംവിധാനത്തിൽ കോച്ചിങ് സെന്റർ ഉണ്ടാക്കുക. (ഒഴിഞ്ഞുകിടക്കുന്ന യതീംഖാന ബോർഡിങ് സൗകര്യങ്ങൾ യതീംകുട്ടികൾക്ക് തന്നെ ഉപയോഗപ്രദമാക്കാം).

8. വേനലവധിക്കാലത്ത് യതീംകുട്ടികൾക്ക് മാത്രമായി റസിഡൻഷ്യൽ ഓറിയന്റേഷൻ ക്യാമ്പുകൾ, (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം) ധാർമിക വിദ്യാഭ്യാസം, വ്യക്തിത്വ വികസനം, വ്യത്യസ്ത പഠനരീതികൾ, സാമൂഹിക പ്രവർത്തന പരിശീലനം തുടങ്ങിയ മേഖലകളിൽ ഉന്നതമായ രീതിയിലുള്ള പരിശീലനം ഓരോ മേഖലകളിലും ലഭ്യമായ ഏറ്റവും നല്ല ഫാക്കൽറ്റികളെ കണ്ടെത്തി നടപ്പാക്കുക.

9. അനാഥ മക്കളെ അവരവരുടെ വീട്ടിൽതന്നെ വളരാൻ അനുവദിക്കുക. എന്നാൽ അവർക്ക് വേണ്ട സാമ്പത്തിക സഹായം നൽകുകയും വിദ്യാഭ്യാസ, സാമൂഹിക വളർച്ചക്ക് വേണ്ട ഇടപെടലുകൾ നടത്തുകയും തുടർച്ചയായ ഇടവേളകളിൽ (രണ്ടാഴ്ചയിൽ/ മാസത്തിൽ) അവരെ ഈ സ്ഥാപനങ്ങളിൽ കൊണ്ടുവന്ന് അവരുടെ മാനസിക, ആരോഗ്യ-വിദ്യാഭ്യാസ കാര്യങ്ങൾ വിലയിരുത്തുകയും, മാർഗ നിർദേശ കോൺടാക്ട് ക്ലാസ്സുകളും (കുട്ടികൾക്കും മാതാക്കൾക്കും) ചെയ്യുക. ഇത്തരത്തിൽ ഒരു റിമോട്ട് ഓർഫൻ പേരന്റിംഗ്, ഓർഫൻ കെയർ പ്രൊജക്റ്റ് നടപ്പിലാക്കുക.

10. എസ്.എസ്.എൽ.സി, പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്ക് അവരുടെ ശാസ്ത്രീയമായ ആപ്റ്റിട്യൂട് ടെസ്റ്റ് നടത്തി അവർക്ക് ഉന്നത പഠനത്തിന് ഉപദേശങ്ങളും, ഗൈഡൻസും, സാമ്പത്തിക സഹായവും നൽകുന്ന ഓർഫൻ കരിയർ ഗൈഡൻസ് സെന്റർ ഉണ്ടാക്കുക.

11. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി നന്നായി പഠിച്ച്, മെറിറ്റിൽത്തന്നെ ഒരു നല്ല കോഴ്സിന് അഡ്മിഷൻ കിട്ടിയ അനാഥക്കുട്ടിക്ക് താങ്ങാവുന്നതല്ല ഇന്നത്തെ നമ്മുടെ സർക്കാർ കോളേജിലെ ഫീസ് തന്നെ! (സെൽഫ് ഫൈനാൻസിംഗ് രംഗം ഒരിക്കലും സ്വപ്നം കാണാൻ സാധിക്കാത്ത തരത്തിലുള്ളതാണ് ഫീസ് സംവിധാനം). നിലവിലുള്ള ഈ സാഹചര്യത്തിൽ ഈ വിദ്യാർഥികളുടെ ഉന്നതപഠനത്തിന് സഹായകരമായ സ്കോളർഷിപ് സംവിധാനം നടപ്പിലാക്കണം.

ഈ രംഗത്ത് മുസ്‌ലിം മത-രാഷ്ട്രീയ നേതൃത്വം ഗൗരവപരമായ ചിന്തക്കും ചലനങ്ങൾക്കും തുടക്കം കുറിക്കേണ്ടതുണ്ട് എന്നാണ് അവസാനമായി പറയുവാനുള്ളത്. നമ്മിൽ ഏൽപിക്കപ്പെട്ട ഈ അമാനത്തുകൾ ഏൽപിക്കപ്പെട്ടതിനെക്കാൾ ഉന്നതവും വരും തലമുറകൾക്ക് ഉപകാരപ്രദവുമായ രൂപത്തിൽ കൈമാറാൻ സാധിക്കേണ്ടതുണ്ട്. അങ്ങനെ ലോകാവസാനംവരെ ഈ വിളക്കുമാടങ്ങൾ അവയുടെ ധർമം നിർവഹിക്കട്ടെ. ഈ മഹാസ്ഥാപനങ്ങൾക്ക് വിത്തുപാകിയവർക്കും വെള്ളവും വളവും നൽകി അവയുടെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും പങ്കാളികളായവർക്കും വരാനിരിക്കുന്ന ജീവിതത്തിലേക്ക് ഒരു സമ്പാദ്യമായി മാറട്ടെ എന്ന പ്രാർഥനയോടെ.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 61, ഭാഗം: 1

# സ്വഫ്ഫ് (അണി)

(മക്കയിൽ അവതരിച്ചത്)

1. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിച്ചിരിക്കുന്നു. അവനാകുന്നു പ്രതാപിയും യുക്തിമാനും.
2. സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു?
3. നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു.
4. (കല്ലുകൾ) സുദൃഢമായി സംയോജിപ്പിച്ച ഒരു മതിൽ പോലെ അണിചേർന്നുകൊണ്ട് തന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു.

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي
ٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿١﴾
يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لِمَ تَقُولُونَ
مَا لَا تَفْعَلُونَ ﴿٢﴾
كَبُرَ مَقْتًا عِندَ ٱللَّهِ أَن تَقُولُوا۟ مَا
لَا تَفْعَلُونَ ﴿٣﴾
إِنَّ ٱللَّهَ يُحِبُّ ٱلَّذِينَ يُقَٰتِلُونَ
فِي سَبِيلِهِۦ صَفًّا كَأَنَّهُم بُنْيَٰنٌ
مَّرْصُوصٌ ﴿٤﴾

1). അല്ലാഹുവിന്റെ മഹത്ത്വത്തെയും പരമാധികാരത്തെയും വ്യക്തമാക്കുകയാണിവിടെ. എല്ലാ വസ്തുക്കളും അവന് കീഴ്പ്പെട്ടിരിക്കുന്നു. അവൻ ഉന്നതനും അനുഗ്രഹപൂർണനുമാണ്. ആകാശഭൂമികളിലുള്ളവയെല്ലാം അവനെ സ്തുതിക്കുന്നതോടൊപ്പം അവനെ പ്രകീർത്തിക്കുകയും ചെയ്യുന്നു. അവനെ ആരാധിക്കുകയും അവനോട് തങ്ങളുടെ ആവശ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(അവനാകുന്നു പ്രതാപി) അധികാരംകൊണ്ടും പ്രതാപം കൊണ്ടും സർവവസ്തുക്കളെയും കീഴ്പ്പെടുത്തിയവൻ. (യുക്തിമാനും) തന്റെ സൃഷ്ടിപ്പിലും ശാസനയിലും.

2). (സത്യവിശ്വാസികളെ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു) നിങ്ങൾ നന്മ പറയുകയും അതിന് പ്രേരിപ്പിക്കുകയും ചിലപ്പോൾ അതിനെ പ്രശംസിക്കുകയും ചെയ്യുന്നതെന്തിനാണ്; നിങ്ങൾ അത് പ്രവർത്തിക്കുന്നില്ലെന്നിരിക്കെ. തിന്മയെ നിങ്ങൾ വിലക്കുന്നു. ചിലപ്പോഴെല്ലാം നിങ്ങൾ അതിൽനിന്ന് നിങ്ങളെ വിശുദ്ധപ്പെടുത്തുന്നു. നിങ്ങളാകട്ടെ, അതിന്റെ അഴുക്ക് പുരണ്ടവരും ആ തിന്മയെ സ്വീകരിച്ചവരുമാണെന്നിരിക്കെ!

3). ഈ ആക്ഷേപാർഹമായ നിലപാട് വിശ്വാസികൾക്ക് ചേർന്നതാണോ? പ്രവർത്തിക്കാത്തത് അടിമ പറയുക എന്നത് അല്ലാഹുവിന്റെ അടുക്കൽ വലിയ കോപത്തിന് ഇടയാക്കുന്നതല്ലേ?

അതിനാൽ നന്മ കൽപിക്കുന്നവൻ അതിനോട് താൽപര്യംകാണിക്കുന്നവരിൽ ആദ്യത്തവനാകണം. തിന്മയെ വിലക്കുന്നവൻ ജനങ്ങളിൽ അതിൽനിന്ന് ഏറ്റവും അകന്നുനിൽക്കുന്നവനുമാകണം.

أَتَأْمُرُونَ ٱلنَّاسَ بِٱلْبِرِّ وَتَنسَوْنَ أَنفُسَكُمْ
وَأَنتُمْ تَتْلُونَ ٱلْكِتَٰبَ ۚ أَفَلَا تَعْقِلُونَ ﴿٤٤﴾

"നിങ്ങൾ ജനങ്ങളോട് നന്മകൽപിക്കുകയും നിങ്ങളുടെ സ്വന്തം കാര്യത്തിൽ (അത്) മറന്നുകളയുകയുമാണോ? നിങ്ങൾ വേദഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ. നിങ്ങളെന്താണ് ചിന്തിക്കാത്തത്?"(2:44).

പ്രവാചകൻ ശുഐബ്(عليه السلام) പറഞ്ഞു:

وَمَآ أُرِيدُ أَنْ أُخَالِفَكُمْ إِلَىٰ مَآ أَنْهَىٰكُمْ
عَنْهُ ۚ

"നിങ്ങളെ നാം ഒരു കാര്യത്തിൽ വിലക്കുകയും എന്നിട്ട് നിങ്ങളിൽനിന്ന് വ്യത്യസ്തനായിക്കൊണ്ട് ഞാൻ തന്നെ അത് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുമില്ല"(11:88).



4) അല്ലാഹുവിന്റെ മാർഗത്തിൽ ധർമസമരം ചെയ്യാൻ അല്ലാഹു പ്രോത്സാഹിപ്പിക്കുകയാണിവിടെ. അതെങ്ങനെ ചെയ്യണമെന്ന് അവരെ പഠിപ്പിക്കുകയും ചെയ്യുന്നു. സ്വഫ്ഫുകളിൽ വിടവുണ്ടാകാത്തവിധം ഒരേപോലെ ചേർന്ന് അണിയായിനിൽക്കൽ ധർമസമരത്തിൽ നിർബന്ധമാണ്. അവരുടെ സ്വഫ്ഫുകൾക്ക് ചിട്ടയും ക്രമവും ഉണ്ടായിരിക്കണം. അത് യോദ്ധാക്കൾക്കിടയിൽ സമത്വവും പരസ്പരശക്തിയും ഉണ്ടാക്കാനും ശത്രുവിനെ ഭയപ്പെടുത്താനും അവർക്ക് പരസ്പരം ആവേശം നൽകാനും ഉപകരിക്കും. അതിനാൽതന്നെ യുദ്ധസന്ദർഭത്തിൽ നബി(ﷺ) തന്റെ അനുചരന്മാരെ, മറ്റൊരാൾ ചെയ്തേക്കും എന്ന് ചിന്തിച്ച് മാറിനിൽക്കാത്തവിധം ഓരോ സംഘത്തിനും സുപ്രധാന കേന്ദ്രങ്ങൾ നിശ്ചയിക്കുകയും തങ്ങളുടെ ഉത്തരവാദിത്തം നിർവഹിക്കത്തക്കവിധം സ്ഥാനങ്ങൾ നിശ്ചയിക്കുകയും ചെയ്തിരുന്നു. ഇതിലൂടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാവുകയും പൂർണത ലഭിക്കുകയും ചെയ്യും.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz



zameel

## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 189 – ചോദ്യങ്ങൾ

1) 'സ്വഫ്ഫ്' എന്ന അറബി വാക്കിന്റെ അർഥം?

(1) വര (2) ആണി (3) അണി

2) 'മദീനായിലെ വനിതകളിൽ ഏറ്റവും കൂടുതൽ ധർമംനൽകുന്ന സ്ത്രീയായിട്ടാണ് ......................ന്റെ ഭാര്യ പിന്നീട് അറിയപ്പെട്ടത്.'

(1) ജുലൈബീബ്(റ) (2) അബൂത്വൽഹ(റ) (3) അബൂദുജാന(റ)

3) വേദജ്ഞാനം ലഭിച്ചിട്ടും ഭൗതിക നേട്ടങ്ങൾക്കു പിന്നാലെ പോയി അധാർമികതയിലേക്കും അവിശ്വാസത്തിലേക്കും വഴുതിവീണ മഹാപണ്ഡിതനെ ക്വുർആൻ ഉപമിച്ചത് എന്തിനോട്?

(1) നായയോട് (2) കുതിരയോട് (3) ഈച്ചയോട്

4) 'മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന പല രോഗങ്ങളും ...................... എന്ന കണ്ടെത്തലിനെ സാധൂകരിക്കുന്നതാണ് ഇന്ന് ജനം കാണിക്കുന്ന പ്രതികരണങ്ങൾ.'

(1) ശാരീരികമാണ് (2) സാധാരണമാണ് (3) മാനസികജന്യമാണ്

5) ശൈഖ് ദിയാഉർറഹ്മാന്റെ സ്വഹീഹായ മുഴുവൻഹദീഥുകളും അടങ്ങുന്ന ബൃഹത്ഗ്രന്ഥം എത്ര വാല്യങ്ങൾ ഉള്ളതാണ്?

(1) 18 (2) 12 (3) 14

6) 'സുവർണക്ഷേത്രം' ഏതു മതക്കാരുടെ ആരാധനാകേന്ദ്രമാണ്?

(1) സിഖ് മതക്കാരുടെ (2) ജൂതരുടെ (3) ഹൈന്ദവരുടെ

7) 'ഹാഗിയ സോഫിയ' നിർമിച്ചത് ആരെന്നാണ് ചരിത്രം പറയുന്നത്?

(1) റോമക്കാർ (2) തുർക്കികൾ (3) ബൈസന്റൈനുകാർ

8) 'ഹാഗിയ സോഫിയ' എന്നത് ഏതു ഭാഷയിലുള്ള നാമമാണ്?

(1) റോമൻ (2) റഷ്യൻ (3) ഇംഗ്ലീഷ്

9) കേരളത്തിലെ അനാഥാലയങ്ങളിൽ നിലവിലുള്ള കുട്ടികളുടെ എണ്ണം?

(1) 36968 (2) 35986 (3) 35968

10) തിരൂരങ്ങാടി യതീംഖാന സ്ഥാപിതമായിട്ട് എത്ര വർഷം പിന്നിട്ടു?

(1) 56 (2) 68 (3) 77

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com



# പത്തുരൂപ തന്ന ആത്മവിശ്വാസം

'നേർപഥം' ലക്കം 188ലെ 'വയലേലകൾ അന്യമാകുന്ന മാമലനാട്' എന്ന മുഖമൊഴി വായിച്ചപ്പോഴാണ് ഈ കുറിപ്പ് എഴുതാൻ തോന്നിയത്.

'ചന്തയിൽനിന്നും വരുമ്പോൾ കുറച്ച് പച്ചക്കറി തൈകളും വാങ്ങണേ' 2013 ജൂൺ മാസത്തിലെ ഒരു വെള്ളിയാഴ്ച വൈകുന്നേരം കോട്ടപ്പള്ളയിൽ നടക്കുന്ന ആഴ്ച ചന്തയിലേക്ക് പച്ചക്കറി സാധനങ്ങൾ വാങ്ങാനിറങ്ങുമ്പോൾ ഭാര്യയുടെ ഒരു ചെറിയ ഓർമപ്പെടുത്തൽ.

പച്ചക്കറി സാധനങ്ങളൊക്കെ വാങ്ങിക്കഴിഞ്ഞ് 50 പൈസ വിലയുള്ള പത്തുവീതം മുളക്, വഴുതന തൈകൾ വാങ്ങി വീട്ടിലെത്തി. വീടിന്റെ അടുക്കളയോട് ചേർന്നുള്ള മതിലിന്റെ അരികിലായി ഒരു ചെറിയ കമ്പുകൊണ്ട് കുഴികുത്തി അവയെല്ലാം അപ്പോൾതന്നെ നട്ടു. ഒന്നുരണ്ട് ആഴ്ച കഴിഞ്ഞപ്പോഴേക്കും തൈകൾ വളരാൻ തുടങ്ങി; ഒപ്പം ഞങ്ങളുടെ കൗതുകവും. രണ്ട് മാസമായപ്പോഴേക്കും തൈകൾക്ക് നന്നായി ശിഖരങ്ങൾപിടിച്ച് തഴച്ചു വളർന്നു. വൈകാതെ പൂത്തു. നന്നായി കായപിടിച്ചു. അയൽവാസികൾക്ക് സമ്മാനിക്കാൻ മാത്രം ഈ ഇരുപത് തൈകൾ ഫലങ്ങൾ തന്ന് തുടങ്ങി.

അന്ന് പുതിയ വീട്ടിൽ താമസമാക്കിയിട്ട് മാസങ്ങളെ ആയിരുന്നുള്ളൂ. ആകെയുള്ള പതിനൊന്ന് സെന്റിൽ വീട് കഴിച്ചുള്ള ബാക്കി ചുറ്റുമുള്ള മണ്ണ് നന്നായി ഇളകിയതായതുകൊണ്ട് വീടിന്റെ ചുറ്റുപാടും വാഴയും മറ്റു അനുബന്ധ പച്ചക്കറികളും വച്ചുപിടിപ്പിച്ചാലോ എന്ന ചോദ്യത്തിന് സഹധർമിണിയുടെയുടെയും മക്കളുടെയും പൂർണ പിന്തുണ കിട്ടി. ഒരു പണിക്കാരനെ കൂട്ടി പലയിടങ്ങളിൽ നിന്നായി വ്യത്യസ്തയിനം വാഴത്തൈകൾ സംഘടിപ്പിച്ചു നട്ടു. അതും ക്ലിക്കായി. ഇരുപതും മുപ്പതും കിലോ തൂക്കമുള്ള വാഴക്കുലകൾ വെട്ടാൻ തുടങ്ങി. അയൽവാസികൾക്കും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും വരെ വാഴപ്പഴം സമ്മാനിക്കാൻ കഴിഞ്ഞത് ഏറെ സന്തോഷം നൽകി.

കൃഷിക്കമ്പം വിവിധയിനം മുളകുകളിലേക്ക് മാറി. നാട്ടിൽനിന്നും ലഭിച്ച വിവിധയിനം മുളകുതൈകൾ വച്ചുപിടിപ്പിച്ചു. ആവശ്യക്കാർക്ക് സമ്മാനിക്കാൻ കഴിയുന്ന രൂപത്തിൽ നന്നായി കായഫലം ലഭിച്ചു. പുതിയ വീട്ടിൽ താമസമാക്കിയിട്ട് വളരെ അപൂർവമായേ പച്ചമുളക് പുറത്തുനിന്ന് വാങ്ങിയിട്ടുള്ളൂ. കാശ് കൊടുത്തു വാങ്ങിയ കറിവേപ്പില ഇന്നുവരെ വീട്ടിൽ കയറ്റിയിട്ടില്ല. ഞങ്ങൾ നട്ടുപിടിപ്പിച്ച ഏഴ് തൈകൾ ഇപ്പോഴും പച്ചപിടിച്ചുനിൽക്കുന്നു.

അമര, കോവൽ എന്നിവയിലേക്കും കൃഷി വ്യാപിപ്പിച്ചു. എട്ടുകിലോ വരെ ഒരുദിവസം അമരയും കോവക്കയുമൊക്കെ വിളവെടുക്കാൻ സാധിച്ചു. ചീഞ്ഞ തക്കാളിയിൽ നിന്നും ലഭിച്ച വിത്തുകൾ മുളപ്പിച്ച് നടത്തിയ തക്കാളി കൃഷി പരീക്ഷണവും വൻവിജയമായി. കുമ്പളവും മത്തനും വെള്ളരിയും പയറും ഒന്നും ഞങ്ങളെ നിരാശരാക്കിയില്ല.

മുമ്പ് ജോലിചെയ്തിരുന്ന, സ്ഥലപരിമിതിമൂലം പച്ചക്കറി കൃഷിക്ക് ഏറെ പരിമിതികളുള്ള, എടത്തനാട്ടുകര മൂച്ചിക്കൽ ഗവ.എൽ.പി.സ്‌കൂളിലെ കെട്ടിടത്തിനു ചുറ്റും വാഴക്കൃഷി നടത്തിയാലോ എന്ന ആലോചനക്ക് സഹപ്രവർത്തകരിൽ ചിലർ ആശങ്ക പ്രകടിപ്പിച്ചുവെങ്കിലും എല്ലാവരുടെയും സഹകരണത്തോടെ കൃഷിയിറക്കി. എല്ലാ വർഷവും പത്തോളം വാഴക്കുലകൾ വെട്ടുന്ന രൂപത്തിൽ ആ സ്‌കൂൾ കൃഷി ഇന്നും മുന്നോട്ടുപോകുന്നു. മൂച്ചിക്കൽ സ്‌കൂളിലെ കുട്ടികളുടെ വീടുകളിൽ രക്ഷിതാക്കളുടെ സഹകരണത്തോടെ കൃഷിചെയ്ത വിളവിന്റെ ഒരുപങ്ക് സ്‌കൂളിൽ എത്തിക്കുന്ന, എല്ലാ വർഷവും ഒരു ടണ്ണിന് മുകളിൽ വിളവ് ലഭിക്കുന്ന, 'എന്റെ കറി എന്റെ മുറ്റത്ത്' ജൈവ പച്ചക്കറി ഉൽപാദന പദ്ധതി'ക്ക് പിന്നിലും ആ ഇരുപത് ചെടികൾ തന്ന ആത്മവിശ്വാസമായിരുന്നു കൈമുതൽ.

കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും പൂർണപങ്കാളിത്തത്തോടെ മൂന്നു വർഷമായി തുടരുന്ന മട്ടുപ്പാവു പച്ചക്കറി കൃഷിയും സന്തോഷം മാത്രം സമ്മാനിക്കുന്നു. ബയോഗ്യാസ് പ്ലാന്റിലെ സ്ലറിയും ജൈവവളങ്ങളും മാത്രം ഉപയോഗിച്ച് കൃഷി ചെയ്ത് ചീരയും തക്കാളിയും പച്ചമുളകും വെണ്ടയും പയറും പൊതിനയുമൊക്കെ പറിച്ചെടുക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തി പറഞ്ഞറിയിക്കാനാവാത്തതാണ്.

ഈ കോവിഡ് 19 മഹാമാരിക്കാലത്ത് കുറെയേറെപ്പേർ കൃഷിയിലേക്ക് തിരിഞ്ഞു എന്നത് ഏറെ സന്തോഷം നൽകുന്നു. ഒട്ടൊന്ന് മനസ്സുവച്ചാൽ വിഷലിപ്ത അന്യസംസ്ഥാന പച്ചക്കറികളെ പടിക്കു പുറത്താക്കാൻ നമുക്കും സാധിക്കും എന്നതിൽ സംശയമില്ല.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 187

**ഒന്നാം സമ്മാനം:**
Noorunneesa OP, Vattamannappuram, Edathanattukara

**രണ്ടാം സമ്മാനം:**
Shameela Abdulsalam, Al Falah, Ayippuzha, Irikkur, Kannur

**മൂന്നാം സമ്മാനം:**
Mohammed Nihal TT, East Vennakara, Palakkad

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 AUGUST 29

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
കൂടാതെ ശരിയുത്തരമയക്കുന്ന
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**എല്ലാ ഞായറാഴ്ചയും 10 AM മുതൽ ശനിയാഴ്ച 12 AM വരെ ഉത്തരമയക്കാൻ അവസരം...!!**

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com